VOL NO: 05 I ISSUE 46
www.nerpatham.com
mail@nerpatham.com
2021 NOVEMBER 20 I ₹12

# നേർപഥം

വാരിക




# നവനിരീശ്വരവാദത്തിന്റെ ഇസ്‌ലാമോഫോബിയ

ഭീകരവാദത്തിന്റെ ആശയബീജം ഇസ്‌ലാമിക പ്രമാണങ്ങളാണെന്ന് സമർഥിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളാണ് നവനാസ്തികർ നടത്തിക്കൊണ്ടിരിക്കുന്നത്. വക്കും അരികും വെട്ടിമാറ്റിയും ചരിത്രത്തിൽനിന്ന് വേർപ്പെടുത്തിയും ക്വുർആൻ സൂക്തങ്ങളെ വക്രീകരിച്ചാണ് ഇതിനവർ തെളിവുകൾ നിർമിക്കുന്നത്. പുതിയ കാലത്തെ നാസ്തിക രചനകളെ വിചാരണ ചെയ്യുന്നു.

- **പുകയുന്ന മുല്ലപ്പെരിയാർ**

- **സ്ത്രീയും സ്വാതന്ത്ര്യവും**
- **ഖൈറുദ്ദീന്റെ മകൻ സൂഫിയല്ല!**
- **പ്രവാചക ചര്യകളും മുസ്‌ലിംകളും**

WISDOM ISLAMIC ORGANIZATION

# Relief
.......without boundaries

SCAN AND PAY
Using any UPI/ Bharat QR/ Banking Apps

BHIM UPI | VISA | RuPay

WISDOM

Pay using 90+ Apps including

AXIS PAY | G Pay | PhonePe | freecharge | ICICI Bank | SAMSUNG pay | HDFC BANK | and more...

Powered by AXIS BANK

# സ്നേഹസ്പർശം
## പ്രളയ ദുരിതാശ്വാസ നിധി



വീട് ശുചീകരണം | കിണർ ശുചീകരണം | സൗജന്യ വസ്ത്രാലയം | സൗജന്യ ഇലക്ട്രോണിക് വർക്ക് ഷോപ്പ്
വീട്ടുകളുടെ അറ്റകുറ്റ പണി | വീട്ടുപകരണ വിതരണം | വീട് നിർമാണം | സ്റ്റഡി മെറ്റീരിയൽ വിതരണം

താങ്കളുടെ വിഹിതം താഴെ കാണുന്ന എക്കൗണ്ട് നമ്പറിൽ അയക്കുകയും വിവരം താഴെ നമ്പറിൽ അറിയിക്കുകയും ചെയ്യുമല്ലോ?

Wisdom Islamic Organization
Account No: 920010022468211
Axis Bank, Branch: KALLAI ROAD
IFSC UTIB0001908

0252
നേർപഥം
വാരിക

2021 നവംബർ 20
1442 റബിഉൽ ആഖിർ 15
പുസ്തകം 05 / ലക്കം 46

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Managing Editor: Nasir Balusseri
Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly







05
**മുഖമൊഴി**
പുകയുന്ന മുല്ലപ്പെരിയാർ
എഡിറ്റർ

07
**ലേഖനം**
അവയവ ദാനം;
ചില ചിന്തകൾ
ഡോ. ടി.കെ യൂസുഫ്

17
**ആരോഗ്യപഥം**
വൃക്കരോഗങ്ങൾ
മുസാഫിർ

18
**ലേഖനം**
പ്രവാചക ചര്യകളും
മുസ്‌ലിംകളും
ദുൽക്കർഷാൻ അലനല്ലൂർ

22
**ലേഖനം**
ഖൈറുദ്ദീന്റെ മകൻ സൂഫിയല്ല!
സജ്ജാദ് ബിൻ അബ്ദുറസാക്ക്

26
**ചരിത്രപഥം**
വ്യാജവൃത്താന്തം
ഹുസൈൻ സലഫി, ഷാർജ

31
**ലേഖനം**
സ്ത്രീയും സ്വാതന്ത്ര്യവും
നദ നസീർ എസ്. കെ, കരുവാരകുണ്ട്

34
**കവിത**
സത്യം
സുലൈമാൻ പെരുമുക്ക്
മന്ത്രവും തന്ത്രവും
കുഞ്ഞാപ്പു പാലൂർ

ചലനങ്ങൾ

# പഴമയിലും പുതുമയുള്ള ലേഖനം

അര നൂറ്റാണ്ടു മുമ്പ് 'സൽസബീൽ' ത്രൈമാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട, പി. അഹ്മദ് കുട്ടി മൗലവി എഴുതിയ 'ഇസ്‌ലാം വാളിന്റെ തണലിൽ?' എന്ന ലേഖനം 'നേർപഥ'ത്തിൽ പുനഃപ്രസിദ്ധീകരിച്ചതിന് വാരികയുടെ അണിയറ പ്രവർത്തകർക്ക് നന്ദി അറിയിക്കുന്നു. പ്രൗഢഗംഭീരമായ, ഇന്നും പ്രസക്തമായ ലേഖനം. സാഹിത്യസമ്പന്നമായ വരികൾ. മനോഹരവും സുവ്യക്തവുമായ അവതരണശൈലി. ഇങ്ങനെ എല്ലാം കൊണ്ടും പ്രസ്തുത ലേഖനം ശ്രദ്ധേയമാണ്.

'ഉത്തരേന്ത്യയിൽ ആധിപത്യംവാണ മുഗിള മുസ്‌ലിം രാജാക്കന്മാരുടെയും ഇന്ത്യയെ ആക്രമിച്ച ഇതര മുസ്‌ലിം ഭരണത്തലവന്മാരുടെയും യുദ്ധ സംരംഭങ്ങളെ ഇസ്‌ലാമിന്റെ പേരിൽ വരവുചേർക്കുന്ന ഒരു പതിവുണ്ട് ചരിത്രകാരന്മാർക്ക്. സിന്ധിലെ ഫലഭൂയിഷ്ഠതയാണ്, ഇസ്‌ലാമിന്റെ വ്യാപ്തിയായിരുന്നില്ല അവരെ അതിനു പ്രേരിപ്പിച്ചതെന്നു വ്യക്തം. പേർഷ്യൻ- ഇറാനിയൻ സംസ്കാരങ്ങളുടെ ഭാണ്ഡവും പേറിയാണ് അവർ ഇന്ത്യയിലേക്കു കടന്നുവന്നത് തന്നെ. സാമ്രാജ്യ സംസ്ഥാപനം മാത്രമായിരുന്നു അവരുടെ പ്രമുഖലക്ഷ്യം. ഇസ്‌ലാമിക പ്രചരണം അവർ മറന്നു പോലും നിർവഹിച്ചിട്ടില്ല. മുഗിളവംശ രാജാക്കന്മാരിൽ ചിലർ അങ്ങേയറ്റത്തെ മതഭക്തന്മാരായിരുന്നുവെന്നത് വാസ്തവമാണ്. എന്നാൽ രാഷ്ട്രീയ ഭദ്രതയെ നിലനിർത്താനും സാമ്രാജ്യത്വത്തിന് അടിത്തറ പാകാനും വേണ്ടിയായിരുന്നു അവരും യുദ്ധങ്ങൾ സംഘടിപ്പിച്ചിരുന്നത്' എന്ന വിലയിരുത്തൽ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. ഇത് അറിഞ്ഞോ അറിയാതെയോ ആണ് മുഗിളരുടെ ആക്രമണങ്ങളെ ഇസ്‌ലാമിന്റെ തലയിൽ ചിലർ വെച്ചുകെട്ടാറുള്ളത്.

'ഇന്ത്യയെ തകർക്കാനല്ല അലങ്കരിച്ച് സുന്ദരമാക്കാനാണ് അവർ ശ്രമിച്ചത്. അവർ ഇവിടെ നിർമിച്ചുപോയ പേർഷ്യൻ -ഇറാനിയൻ ശിൽപകലയുടെ അനശ്വരസ്മാരകങ്ങൾ അവരുടെ പ്രത്യേക സംസ്കാരത്തിന്റെ മകുടോദാഹരണങ്ങളായി ഇന്നും പരിലസിക്കുന്നു' എന്നെഴുതിയത് ഏറെ ചിന്തനീയമാണ്. താജ്മഹൽ, ചെങ്കോട്ട, കുതബ് മിനാർ പോലുള്ള, ഇന്നും ഇന്ത്യയുടെ അഭിമാനമായി തലയുയർത്തി നിൽക്കുന്ന നിർമിതികൾ മുഗിളർ ഇവിടെ ബാക്കിവെച്ചു പോയതാണ്.

**-മുഹമ്മദ് റുമൈസ്, പാലക്കാട്**

SCHOOL OF Qur'an

## സ്കൂൾ ഓഫ് ഖുർആൻ
### ബ്രാഞ്ചുകൾക്ക് അപേക്ഷ ക്ഷണിച്ചു

ജാമിഅ അൽ ഹിന്ദിന്റെ ആഭിമുഖ്യത്തിൽ വ്യതിരിക്തമായ കാഴ്ചപ്പാടോടുകൂടി രൂപകൽപന ചെയ്തതും 2014 മുതൽ വിജയകരമായി പ്രവർത്തിക്കുന്നതുമായ സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം.

ഒന്നാം ക്ലാസിൽ ആരംഭിച്ച് ബിരുദാനന്തര ബിരുദത്തോടെ കോഴ്സ് പൂർത്തീകരിക്കുന്ന തരത്തിൽ തയ്യാറാക്കിയ 17 വർഷത്തെ സമഗ്ര പഠന സംവിധാനമാണ് സ്കൂൾ ഓഫ് ഖുർആൻ.

2022 ജൂൺ ഒന്നിന് ആറര വയസ് കവിയാത്തവരും 22-23 അധ്യയന വർഷത്തിൽ സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്നവരുമായ വിദ്യാർഥി വിദ്യാർഥിനികൾക്കാണ് പ്രവേശനം നൽകുക.

ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും സെന്റർ വഴിയും ബാക്കിയുള്ള ദിവസങ്ങളിൽ ഓൺലൈനിലൂടെയുമാണ് പഠനം ക്രമീകരിച്ചിരിക്കുന്നത്.

അഞ്ചുവർഷം പ്രാദേശിക കേന്ദ്രങ്ങൾ വഴിയും അടുത്ത അഞ്ച് വർഷം റസിഡൻഷ്യൽ ക്യാമ്പസ് വഴിയുമാണ് ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുന്നത്.

ഖുർആൻ, ഇസ്‌ലാമിക് സ്റ്റഡീസ് എന്നിവയിൽ അവഗാഹം നേടുന്നതോടൊപ്പം സി.ബി.എസ്.ഇ സിലബസിൽ ഉന്നത വിജയം നേടാനും അഞ്ച് ഭാഷകൾ സ്വായത്തമാക്കാനും ഹാഫിളാവാനും കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് കരിക്കുലത്തിലെ രണ്ടാം ഘട്ടം പ്ലാൻ ചെയ്തിട്ടുള്ളത്.

ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയോടൊപ്പം മത-സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ തികഞ്ഞ കാഴ്ചപ്പാട് രൂപീകരിക്കുന്ന തരത്തിലാണ് ബാക്കിയുള്ള മൂന്ന് ഘട്ടങ്ങൾ.

നിങ്ങളുടെ ജില്ലയിലെ ഏതെങ്കിലും മണ്ഡലത്തിലോ ശാഖയിലോ സെന്റർ തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗൂഗിൾ ഫോം വഴി അപേക്ഷ നൽകുക.

**രജിസ്ട്രേഷൻ ലിങ്ക്:** https://forms.gle/xFobkHpaiG2BoEd88

**വിശദ വിവരങ്ങൾക്ക്:** 9995588317, 9072646000

**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി:** നവംബർ 25

Office: School of Qur'an, Jamia Al-Hind
Al-Islamiyya, Jamia Campus, Mini Ootty - Oorakam
www.schoolofquran.in, mail@schoolofquran.in

മുഖമൊഴി

# പുകയുന്ന മുല്ലപ്പെരിയാർ

പീരുമേട് താലൂക്കിൽ കുമിളി ഗ്രാമ പഞ്ചായത്ത് പ്രദേശത്താണ് മുല്ലപ്പെരിയാർ അണക്കെട്ട് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിലെ തമിഴ്നാട് അതിർത്തിയിലെ ശിവഗിരി മലകളിൽനിന്ന് ഉത്ഭവിക്കുന്ന വിവിധ പോഷകനദികൾ ചേർന്നുണ്ടാകുന്നതാണ് മുല്ലയാർ. മുല്ലയാർ നദിക്ക് കുറുകെ പണിതിരിക്കുന്ന അണക്കെട്ടാണ് മുല്ലപ്പെരിയാർ. ഇത് പൊട്ടും, പൊട്ടില്ല എന്നൊക്കെയുള്ള വാർത്തകൾ കുറെ വർഷങ്ങൾക്കു മുമ്പ് മലയാള പത്രങ്ങളിൽ നിറഞ്ഞുനിന്നിരുന്നു. ഇടുക്കി മുതൽ എറണാകുളം വരെയുള്ള ജനങ്ങളെ അത് വല്ലാതെ ഭീതിയിലാഴ്ത്തിയിരുന്നു. പിന്നീട് അത് കെട്ടടങ്ങി. ഇപ്പോൾ വീണ്ടും മുല്ലപ്പെരിയാർ താരമായി മാറിയിരിക്കുന്നു. അതിനെക്കുറിച്ച് ചെറിയൊരു വാർത്തയെങ്കിലുമില്ലാതെ പത്രങ്ങൾ ഇറങ്ങുന്നില്ല.

ഡാം പരിധിയിലുള്ള മരം മുറിക്കാൻ ഉത്തരവു നൽകിയത് വിവാദമായി നീറിപ്പുകയുകയാണ്. ഈ ഉത്തരവിനു പിന്നിൽ ഉദ്യോഗസ്ഥരാണെന്നും തനിക്കതിൽ പങ്കില്ലെന്നും മാധ്യമ വാർത്തകളിലൂടെയാണ് അങ്ങനെയൊരു ഉത്തരവ് പുറത്തുവന്ന കാര്യം അറിഞ്ഞത് എന്നുമാണ് വനംവകുപ്പു മന്ത്രിയുടെ വിശദീകരണം. നിലവിൽ അഴിമതിയും ദുർഭരണവും ഇന്ത്യാ രാജ്യത്ത് ഒരു പ്രധാനവാർത്തയല്ലാതായി മാറിയിരിക്കുന്നതിനാൽ ജനങ്ങൾക്ക് ഇതിൽ വലിയ താൽപര്യമോ പ്രതിഷേധമോ ഉള്ളതായി കാണുന്നില്ല.

എന്നാൽ ഡാമിന്റെ അവസ്ഥ ശോചനീയമാണെന്നും ചോർച്ച വലുതാവുകയാണെന്നും തകരാൻ സാധ്യതയേറെയാണെന്നുമുള്ള വാർത്തകൾ ജനങ്ങളെ ആശങ്കയിലാഴ്ത്തുന്നുണ്ട്. ഇത് ബോധ്യപ്പെട്ട കേരളസർക്കാർ പുതിയ ഡാം നിർമിക്കുക എന്ന ആവശ്യവുമായി മുന്നോട്ടുപോകുകയാണ്. അതിന്റെ ആവശ്യകത സുപ്രീം കോടതിയെ ബോധ്യപ്പെടുത്താനുള്ള ശ്രമത്തിലാണ് സർക്കാർ.

മുല്ലപ്പെരിയാർ അണക്കെട്ടിലെ ചോർച്ചയുടെ അളവിനെക്കുറിച്ചുള്ള കൃത്യമായ കണക്കു തിട്ടപ്പെടുത്താൻ കഴിയാത്ത അവസ്ഥയിലാണ് കേരളവും തമിഴ്നാടുമുള്ളത്. അണക്കെട്ടിലെ ചോർച്ചയുടെ വിവരങ്ങൾ ലഭ്യമാക്കണമെന്നു സുപ്രീം കോടതി തമിഴ്നാടിനോടു നിർദേശിച്ചെങ്കിലും പല വഴികളിലൂടെ വെള്ളം ചോരുന്നതിനാൽ ആധികാരികമായ കണക്ക് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല.

അണക്കെട്ടിൽനിന്നു ഗാലറിയിലേക്കു വരുന്ന വെള്ളത്തിന്റെ (സീപ്പേജ് വാട്ടർ) അളവ് പരിശോധിച്ചു രേഖപ്പെടുത്തുന്നതു തമിഴ്നാടാണ്. ഡാമിന്റെ പൂർണ നിയന്ത്രണം തമിഴ്നാടിനായതിനാൽ, ഇവർ നൽകുന്ന കണക്ക് റജിസ്റ്ററിൽ ചേർക്കുന്ന ജോലി മാത്രമാണു കേരളത്തിലെ ഉദ്യോഗസ്ഥർക്കുള്ളത്. സുപ്രീം കോടതി നിയോഗിച്ച മേൽനോട്ടസമിതിയും ഉപസമിതിയും അണക്കെട്ടിൽ പരിശോധന നടത്തുമ്പോൾ കേരളത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലാണ് തമിഴ്നാട് സീപ്പേജ് വാട്ടറിന്റെ കണക്കെടുക്കുക. (അണക്കെട്ടിന്റെ ഉൾവശത്തുള്ള ഗാലറിയിലൂടെ ഒലിച്ചിറങ്ങുന്ന വെള്ളമാണു സീപ്പേജ് വാട്ടർ). ഡാമിലെ നിരപ്പ് ഉയരുമ്പോൾ സീപ്പേജ് കൂടും. ഡാമിന്റെ അടിത്തട്ടിൽനിന്നു 10 അടി ഉയരത്തിലും 45 അടി ഉയരത്തിലുമാണ് ഗാലറികളുള്ളത്. ഒരാഴ്ച മുമ്പ് തമിഴ്നാട് കേരളത്തിനു നൽകിയ കണക്കനുസരിച്ച് 10 അടി ഉയരത്തിലുള്ള ഗാലറിയിൽ മിനിറ്റിൽ 97.695 ലിറ്റർ വെള്ളവും 45 അടി ഉയരത്തിലുള്ള ഗാലറിയിൽ 31. 752 ലിറ്റർ വെള്ളവുമാണ് ചോർന്നെത്തുന്നത് എന്നാണുള്ളത്. ഈ കണക്ക് തെറ്റാണെന്നും ഇതിലേറെ വെള്ളം ചോരുന്നുണ്ടെന്നുമാണ് കേരളത്തിന്റെ പക്ഷം. ലൈം (കുമ്മായം) സുർക്കി മിശ്രിതം ഉപയോഗിച്ച് 126 വർഷം മുമ്പ് നിർമിച്ച അണക്കെട്ടിൽ സീപ്പേജിലൂടെ മാത്രം വർഷം 35 ടൺ ലൈം ഒഴുകിപ്പോകുന്നുവെന്നത് പേടിപ്പെടുത്തുന്ന കാര്യമാണ്. ഇക്കാര്യം തമിഴ്നാടുതന്നെ സമ്മതിക്കുന്നുണ്ട്. ലൈം ഒഴുകിപ്പോകുമ്പോൾ അണക്കെട്ടിൽ ദ്വാരങ്ങൾ ഉണ്ടാക്കിയശേഷം ഉന്നത മർദത്തിൽ സിമന്റ് ചാന്ത് അടിച്ചുകയറ്റിയാണ് ചോർച്ച തടയുന്നത്. ഈ അവസ്ഥയിൽ ഇനിയും കൂടുതൽ കാലം ഡാം നിലനിൽക്കാനുള്ള സാധ്യത കുറവാണ് എന്നതാണ് മലയാളികളെ ഭയപ്പെടുത്തുന്നത്.



# അവയവ ദാനം; ചില ചിന്തകൾ

ലേഖനം

ഡോ. ടി.കെ യൂസുഫ്
tkyoosuf@hotmail.com

ജീവിതകാലത്തുതന്നെ മനുഷ്യന്റെ ഹൃദയം, ശ്വാസകോശം, വൃക്ക, കരൾ എന്നീ സുപ്രധാന അവയവങ്ങൾ തകരാറിലാവുകയും തന്നിമിത്തം നിരവധിപേർ മരണമടയുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. പ്രസ്തുത അവയവങ്ങൾ മറ്റൊരാളിൽനിന്ന് എടുത്ത് മാറ്റിവെക്കാൻ കഴിയുകയാണെങ്കിൽ ഇവരിൽ പലർക്കും ആയുസ്സുണ്ടെങ്കിൽ (അല്ലാഹുവിന്റെ തീരുമാനമനുസരിച്ച്) കുറച്ചു കാലംകൂടി ജീവിക്കാൻ കഴിഞ്ഞേക്കും. ഇവിടെയാണ് അവയവദാനത്തിന്റെ പ്രസക്തി ഉയർന്നുവരുന്നത്.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ ആരോഗ്യം നിലനിർത്തലും ശരീരം സംരക്ഷിക്കലും മതപരമായി ഒരു ബാധ്യതയാണ്. രോഗം വന്നാൽ ചികിത്സിക്കാൻ പ്രവാചകൻﷺ ആജ്ഞാപിച്ച സ്ഥിതിക്ക് ഒരാളുടെ ശരീരത്തിന്റെ അവയവങ്ങളിൽ വല്ലതും പ്രവർത്തനരഹിതമാകുമ്പോൾ പകരം മറ്റുള്ളവരിൽനിന്ന് എടുത്ത് മാറ്റിവെക്കുന്നതിന്റെ മതവിധി എന്താണ്?

ഇസ്‌ലാം വ്യക്തികളുടെയും സമൂഹത്തിന്റെയും ആത്യന്തിക നന്മയാണ് കാംക്ഷിക്കുന്നത്. അതുകൊണ്ട് ഈ ലക്ഷ്യ സാക്ഷാത്കാരത്തിന് വേണ്ടി ചില്ലറ തെറ്റുകൾ പോലും നീതീകരിക്കാനാവും. ഖിദ്ർ(അ) ഒരു നല്ല കപ്പൽ കേടുവരുത്തിയതും ഒരു പിഞ്ചു പൈതലിനെ കൊന്നതും ഇതിനുദാഹരണമാണ്. രണ്ടാളുകൾക്കിടയിൽ രഞ്ജിപ്പിണ്ടാക്കുന്നതിന് വേണ്ടി അനിവാര്യമെങ്കിൽ കളവ് പറയാമെന്നും ഹദീഥുകളിൽ വന്നിട്ടുണ്ട്. ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം മതത്തിന്റെ ദൃഷ്ടിയിൽ തെറ്റായിരുന്നിട്ട് കൂടി അവയ്ക്ക് പിന്നിലെ മഹത്തായ ലക്ഷ്യം പരിഗണിച്ച് അവ അനുവദനീയമാകുകയാണ്. മനുഷ്യന്റെ ജീവൻ രക്ഷിക്കുക എന്ന അനിവാര്യതക്ക് വേണ്ടിയും ഇത്തരത്തിലുള്ള ചില നീക്കുപോക്കുകൾ ആകാവുന്നതാണ്.

പ്രവാചകന്റെ കാലത്ത് അറഫത് ബിൻ അസ്‌വദ് എന്ന വ്യക്തിയുടെ മൂക്ക് മുറിയുകയും അദ്ദേഹം തൽസ്ഥാനത്ത് വെള്ളിയുടെ ഒരു മൂക്ക് വെക്കുകയും ചെയ്തു. ഇത് പഴുത്ത് വൃണമായപ്പോൾ തൽസ്ഥാനത് സ്വർണത്തിന്റെ മൂക്ക് വെക്കാനാണ് നബി(സ) ഉപദേശിച്ചത്. സ്വർണം പുരുഷന്മാർക്ക് വിലക്കപ്പെട്ടതാണെങ്കിലും ഇവിടെ അത് ഉപയോഗിക്കാൻ കൽപിച്ചതും രണ്ട് ഉപദ്രവങ്ങളിൽ ഏറ്റവും ലഘുവായതിനെ എടുത്ത് ഗൗരവമായതിനെ ത്യജിക്കുക എന്ന തത്ത്വവും അവയവ മാറ്റത്തിന് തെളിവായി സ്വീകരിക്കാവുന്നതാണ്.

**കർമശാസ്ത്ര കൗൺസിൽ തീരുമാനങ്ങൾ:**

1995ൽ ചേർന്ന ഇസ്‌ലാമിക് ഫിക്വ്ഹ് കൗൺസിൽ അവയവദാനം അനുവദിക്കുകയും അതിന് താഴെ പറയുന്ന നിബന്ധനകൾ അനിവാര്യമാണന്ന് പറയുകയും ചെയ്തിട്ടുണ്ട്:

1. അവയവദാനം അത് നൽകുന്നവന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കരുത്.

2. അവയവം ദാനം ചെയ്യുന്നവർ മറ്റുള്ളവരുടെ സമ്മർദത്തിനോ പീഡനത്തിനോ വിധേയമാവാതെ സ്വമേധയാ തയ്യാറുള്ളവരായിരിക്കണം.

3. രോഗിക്ക് അവയവ മാറ്റം അല്ലാതെ മറ്റു ചികിത്സാമാർഗങ്ങളൊന്നുമില്ലാത്ത വിധം അനിവാര്യതയുണ്ടാകണം.

4. അവയവ മാറ്റം നല്ലൊരു ശതമാനം വിജയപ്രദമായിരിക്കുമെന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തണം.

5. ഒരാളുടെ സുപ്രധാന അവയവങ്ങൾ അയാൾക്ക് ജീവഹാനി സംഭവിക്കും വിധം ജീവിച്ചിരിക്കെ മറ്റൊരാൾക്ക് ദാനം നൽകുവാൻ പാടില്ല. ഒരാളുടെ രണ്ട് കണ്ണുകളും അയാൾ ജീവിച്ചിരിക്കെ ദാനം ചെയ്യുന്നതും ഇപ്രകാരം തന്നെയാണ്.

വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും പരാമർശിക്കപ്പെടാത്തതും മദ്ഹബിന്റെ ഇമാമുകളുടെ ചർച്ചക്ക് വിഷയീഭവിച്ചിട്ടില്ലാത്തതുമായ അവയവദാനം കാലഘട്ടത്തിന്റെ അനിവാര്യത എന്ന നിലയ്ക്ക് ഒരുപറ്റം പണ്ഡിതന്മാർ അനുവദനീയമായി കാണുന്നുണ്ടെങ്കിലും യാഥാസ്ഥിതികർ താഴെ പറയുന്ന കാരണങ്ങളാൽ അതിനെ എതിർക്കുകയാണ് ചെയ്യുന്നത്:

1. ഒരാളുടെ ശരീരഭാഗം മുറിച്ചെടുക്കുന്നത് അയാളെ നിന്ദിക്കലാണ്.

2. ശരീരഭാഗം മുറിച്ചെടുക്കലും അംഗവിച്ഛേദം നടത്തലും നബി(സ) വിരോധിച്ചതാണ്.

3. അവയവം നൽകുന്നവന് ഇത് വേദനയും പീഡനവുമായിരിക്കും.

4. ശരീരത്തിൽനിന്നും മുറിച്ചെടുക്കുന്ന ഭാഗം മറവു ചെയ്യണമെന്നാണ് പ്രവാചക കൽപന.

5. സൃഷ്ടിപ്പിൽ മാറ്റം വരുത്തുന്നത് പൈശാചിക പ്രവർത്തനമാണ്.

6. ഉയിർത്തെഴുന്നേൽപുനാളിൽ ഒരാളുടെ ശരീരഭാഗങ്ങൾ അയാളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സാക്ഷിപറയുമെന്നാണല്ലോ. ആ സ്ഥിതിക്ക് അവയവ മാറ്റം നടന്നാൽ ഒരംഗത്തിന് ഒന്നിലേറെ വ്യക്തികളുടെ പ്രവർത്തനത്തെക്കുറിച്ച് സാക്ഷിപറയേണ്ടിവരും.



7. മനുഷ്യശരീരം അവന്റെ ഉടമാവകാശത്തിൽ പെട്ടതല്ലാത്തതുകൊണ്ട് ശരീരത്തിലെ കൈകടത്തലുകൾക്കും അവന് അവകാശമില്ല.

8. അവയവമാറ്റം അനുവദിക്കുകയാണെങ്കിൽ ക്രമേണ അത് ഒരു കച്ചവടമായിത്തീരാൻ സാധ്യതയുണ്ട്.

9. ജീവിച്ചിരിക്കുന്ന ഒരാളുടെ അവയവം എടുത്തുകഴിഞ്ഞാൽ കാലാന്തരത്തിൽ അത് അവനുതന്നെ വിനയായിത്തീരും. ഒരു വൈകല്യം തീർക്കുന്നതിന് മറ്റൊരു വൈകല്യം വരുത്തിവെക്കുന്നത് എങ്ങനെയാണ് നീതികരിക്കപ്പെടുക?

10. സർവോപരി അവയവമാറ്റത്തിന്റെ ഫലം തികച്ചും സാങ്കൽപികം മാത്രമാണ്.

മതവിഷയങ്ങളിലും വൈദ്യശാസ്ത്രത്തിലും അവഗാഹമുള്ള പണ്ഡിതന്മാർ യാഥാസ്ഥിതികരുടെ ഇത്തരം എതിർന്യായങ്ങൾക്ക് അക്കമിട്ട് മറുപടി പറഞ്ഞുകൊണ്ട് അവയെ ഇപ്രകാരം ഖണ്ഡിക്കുന്നുണ്ട്:

1. ഒരു വ്യക്തിയുടെ അനുവാദപ്രകാരമാണ് അവന്റെ ശരീരത്തിലെ അവയവം എടുക്കുന്നതെങ്കിൽ അത് എങ്ങനെയാണ് അവനെ നിന്ദിക്കലാകുക?

2. യുദ്ധവൈരത്തോടെ കൊല്ലപ്പെട്ടവന്റെ ശരീരം വികൃതമാക്കുന്നതാണ് പ്രവാചകൻ വിലക്കിയിട്ടുള്ളത്.

3. അനസ്തേഷ്യ നൽകിയതിന് ശേഷം അവയവം എടുക്കുകയാണെങ്കിൽ ദാതാവിന് വേദനയോ പീഡനമോ ആവുകയില്ല.

4. ശരീരത്തിൽനിന്നും മുറിച്ചെടുക്കുന്ന ഭാഗം മറവുചെയ്തതിന് ശേഷം പുഴു തിന്ന് ജീർണിക്കുന്നതിലും ഭേദം അവ മറ്റൊരാളുടെ ശരീരത്തിൽ സജീവമായി നിൽക്കുന്നതല്ലേ?

5. സൃഷ്ടിപ്പിൽ മാറ്റം വരുത്തുക എന്നത് തെറ്റാണെങ്കിലും അതുമൂലം ഒരു മനുഷ്യന്റെ ജീവൻ രക്ഷിക്കാൻ കഴിയുകയാണെങ്കിൽ അതല്ലേ കൂടുതൽ പുണ്യകരം?

6. സർവശക്തനായ അല്ലാഹുവിന് വേണമെങ്കിൽ പരലോകത്തുവെച്ച് ഒരു അവയവത്തെക്കൊണ്ട് ഒന്നിലധികം ആളുകളുടെ പ്രവർത്തനത്തെക്കുറിച്ച് സാക്ഷി പറയിപ്പിക്കാനാകുമല്ലോ.


7. മനുഷ്യന് തന്റെ ശരീരത്തിൽ ഉടമാവകാശമില്ലെങ്കിലും അതിന്റെ പ്രയോജനം മറ്റൊരാൾക്ക് വിട്ടുകൊടുക്കാൻ അവനാകുമല്ലോ.

8. അവയവമാറ്റം ഒരു കച്ചവടമാകാതിരിക്കാൻ അന്താരാഷ്ട്ര തലത്തിൽതന്നെ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങൾ അവയവമാറ്റം അടുത്ത ബന്ധുക്കളിൽനിന്നേ ആകാവൂ എന്ന് നിബന്ധനയും വെക്കുന്നുണ്ട്.

9. അവയവം നൽകുന്നവന്റെ ആരോഗ്യനില പരിശോധിച്ച ശേഷം അവന് അപകടം വരില്ലെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് വൈദ്യശാസ്ത്രം ഇതിനൊരുമ്പെടാറുള്ളത്.

10. അവയവദാനം നിമിത്തം രണ്ടാൾക്ക് കുഴപ്പമില്ലാതെ ജീവിക്കാൻ അവസരമുണ്ടായാൽ അതൊരു വലിയ അനുഗ്രഹമല്ലേ?

തങ്ങളുടെ അവയവങ്ങൾ മറ്റാർക്കെങ്കിലും നൽകിയാൽ പരലോകത്ത് തന്റെ ഗതിയെന്താകും എന്ന ആശങ്കയിൽ കഴിയുന്ന യാഥാസ്ഥിതിക മുസ്‌ലിംകളെ പരിഹസിച്ചുകൊണ്ട് ക്രിസ്റ്റഫർ പാലീസ് എന്ന പാശ്ചാത്യൻ ഡോക്ടർ പറഞ്ഞത് മുസ്‌ലിംകൾക്ക് എന്തായാലും കിഡ്നി ദാനം ചെയ്യാം എന്നാണ്. കാരണം അവരുടെ വിശ്വാസ പ്രകാരം സ്വർഗത്തിൽ മലമൂത്ര വിസർജനം ഇല്ലാത്തതുകൊണ്ട് അവ ശുദ്ധീകരിക്കുന്നതിനുള്ള അവയവം ആവശ്യമായി വരികയില്ലല്ലോ!



## മരിച്ചവരിൽനിന്നും അവയവം എടുക്കൽ

സ്വാഭാവികമരണം സംഭവിച്ച ഒരു വ്യക്തിയുടെ ശരീരത്തിൽനിന്നും അയാളുടെ കണ്ണിന്റെ കോർണിയ മാത്രമെ മറ്റൊരാൾക്ക് എടുത്ത് ഉപയോഗിക്കാൻ പറ്റുകയുള്ളൂ. കാരണം മറ്റു അവയവങ്ങളല്ലാം മരണത്തെത്തുടർന്ന് പ്രവർത്തനരഹിതമാകും. ഒരാൾ മരണപ്പെട്ട് 45 മിനുട്ടുകൾക്കകം അയാളുടെ കിഡ്നിയും 8 മിനുട്ടിന് ശേഷം ഹൃദയവും 20 മിനുട്ടിന് ശേഷം ശ്വാസകോശവും പ്രവർത്തനരഹിതമാകും. എന്നാൽ മസ്തിഷ്ക മരണം സംഭവിച്ച വ്യക്തിയുടെ ഹൃദയം, ശ്വാസകോശം, കിഡ്നി, കരൾ, പാൻക്രിയാസ് എന്നിവയെല്ലാം സജീവമായിരിക്കും. അതുകൊണ്ട്തന്നെ ഈ അവസരത്തിൽ ഇവ മറ്റാർക്കെങ്കിലും മാറ്റിവെക്കാനാവും. സർവോപരി മസ്തിഷ്കമരണം സംഭവിച്ച വ്യക്തി പിന്നീട് ഒരിക്കലും ജീവിതത്തിലേക്ക് തിരിച്ചു വരാത്തതുകൊണ്ട് അയാളിൽനിന്നും പ്രസ്തുത അവയവം എടുത്തുമാറ്റുന്നത് കൊണ്ട് അയാൾക്ക് യാതൊരു നഷ്ടവും സംഭവിക്കുകയില്ല. തന്നെയുമല്ല ഒരു മൃതശരീരത്തിൽനിന്ന് തന്നെ ഒന്നിലേറെ അവയവങ്ങൾ എടുത്ത് അത് പലർക്കായി നൽകി അവരുടെയെല്ലാം ജീവൻ രക്ഷിക്കാനാകും.

> **സ്വാഭാവികമരണം സംഭവിച്ച ഒരു വ്യക്തിയുടെ ശരീരത്തിൽനിന്നും അയാളുടെ കണ്ണിന്റെ കോർണിയ മാത്രമെ മറ്റൊരാൾക്ക് എടുത്ത് ഉപയോഗിക്കാൻ പറ്റുകയുള്ളൂ. കാരണം മറ്റു അവയവങ്ങളല്ലാം മരണത്തെത്തുടർന്ന് പ്രവർത്തനരഹിതമാകും. ഒരാൾ മരണപ്പെട്ട് 45 മിനുട്ടുകൾക്കകം അയാളുടെ കിഡ്നിയും 8 മിനുട്ടിന് ശേഷം ഹൃദയവും 20 മിനുട്ടിന് ശേഷം ശ്വാസകോശവും പ്രവർത്തനരഹിതമാകും. എന്നാൽ മസ്തിഷ്ക മരണം സംഭവിച്ച വ്യക്തിയുടെ ഹൃദയം, ശ്വാസകോശം, കിഡ്നി, കരൾ, പാൻക്രിയാസ് എന്നിവയെല്ലാം സജീവമായിരിക്കും. അതുകൊണ്ട്തന്നെ ഈ അവസരത്തിൽ ഇവ മറ്റാർക്കെങ്കിലും മാറ്റിവെക്കാനാവും. അവരുടെയെല്ലാം ജീവൻ രക്ഷിക്കാനാകും.**


വാഹനാപകടങ്ങളിൽ പെട്ട് ഇക്കാലത്ത് ഒട്ടേറെ പേരുടെ മസ്തിഷ്കത്തിന് ആഘാതം സംഭവിക്കാറുണ്ട്. എന്നാൽ ഇവരുടെ മറ്റ് ആന്തരിക അവയവങ്ങൾക്കൊന്നും കാര്യമായ തകരാറ് സംഭവിക്കാറില്ല. അവരുടെ മസ്തിഷ്കത്തിന്റെ മരണം ഉറപ്പാക്കി അവർ ജീവിതത്തിലേക്ക് തിരിച്ചുവരില്ലെന്ന് അറിഞ്ഞാൽ അവരുടെ അവയവങ്ങൾ മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്താനാകും. ഇക്കാരണംകൊണ്ട് തന്നെ ഇസ്‌ലാമിക സമ്മേളന സംഘടനയുടെ കീഴിലുള്ള ഫിക്വ്ഹ് കൗൺസിൽ, താഴെ പറയുന്ന നിബന്ധനകൾ പാലിക്കുകയാണെങ്കിൽ മരണപ്പെട്ടവരുടെ അവയവം എടുക്കുന്നത് അനുവദനീയമാണെന്ന് ഫത്‌വ നൽകിയിട്ടുണ്ട്.

1. മരണപ്പെട്ട വ്യക്തി താൻ ജീവിച്ചിരിക്കുന്ന കാലത്തുതന്നെ അവയവം എടുക്കുന്നതിന് അനുമതി നൽകിയിരിക്കണം.
2. മയ്യിത്തിന്റെ ബന്ധുക്കൾ ഇത് അംഗീകരിക്കണം.
3. ഭരണകൂടത്തിന്റെ അംഗീകാരം വേണം.
4. അനിവാര്യ ഘട്ടങ്ങളിലായിരിക്കണം.
5. സാമ്പത്തിക നേട്ടത്തിനാകരുത്.

അവയവമാറ്റം അനിവാര്യഘട്ടങ്ങളിൽ അനുവദനീയമായി ഗണിക്കാമെങ്കിലും ഈ രംഗത്ത് കച്ചവട മനഃസ്ഥിതിയും ദുഷ്ടലാക്കും കടന്നുവരാൻ ഏറെ സാധ്യതയുണ്ട്. കിഡ്നിയും മറ്റും അടുത്ത ബന്ധുക്കളിൽനിന്നാണ് എടുക്കുന്നതാണെങ്കിൽ അതിന് 90 ശതമാനം വരെ വിജയസാധ്യതയുണ്ട്. എന്നാൽ ചില രാജ്യങ്ങളിൽ ആളുകളെ തട്ടിക്കൊണ്ടുപോയി അവരുടെ കിഡ്നി കവർന്നെടുത്ത് മാറ്റിവെക്കുന്ന കേസുകളിൽ പലതും പരാജയപ്പെടുകയാണ് ചെയ്യുന്നത്. ചെറിയ കുട്ടികളെ തട്ടിക്കൊണ്ടുപോയി ചില രഹസ്യ സങ്കേതങ്ങളിൽവെച്ച് അവരെ വളർത്തി വലുതാക്കി കിഡ്നി അപഹരിക്കുന്നതായും പറയപ്പെടുന്നുണ്ട്. ക്ലോണിംഗിലൂടെ മനുഷ്യനെ സൃഷ്ടിച്ച് അവന്റെ ശരീരഭാഗങ്ങൾ സ്പെയർ പാർട്സുകളാക്കി ഉണ്ടാക്കിയെടുക്കാൻ ശാസ്ത്രജ്ഞർ ആലോചിക്കുന്നുണ്ട്. അപകടത്തിൽ പെട്ടവർ ജീവിക്കാൻ സാധ്യതയുണ്ടെങ്കിലും അവരുടെ മസ്തിഷ്കം മരിച്ചിട്ടുണ്ടെന്ന് വിധിയെഴുതി അവരുടെ അവയവമെടുക്കാനും സ്വാർഥരായ ചില ഡോക്ടർമാർ ശ്രമിച്ചെന്നിരിക്കും. അവയവമാറ്റം ഒരു വിനയാകാതിരിക്കാൻ ഇത്തരം ദുഷ്പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ശാഹുൽ പാലക്കാട്
shahulhamidkamba@Gmail.com





# നവനിരീശ്വരവാദത്തിന്റെ ഇസ്‌ലാമോഫോബിയ

**ഭീകരവാദത്തിന്റെ ആശയബീജം ഇസ്‌ലാമിക പ്രമാണങ്ങളാണെന്ന് സമർഥിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളാണ് നവനാസ്തികർ നടത്തിക്കൊണ്ടിരിക്കുന്നത്. വക്കും അരികും വെട്ടിമാറ്റിയും ചരിത്രത്തിൽനിന്ന് വേർപ്പെടുത്തിയും ക്വുർആൻ സൂക്തങ്ങളെ വക്രീകരിച്ചാണ് ഇതിനവർ തെളിവുകൾ നിർമിക്കുന്നത്. പുതിയ കാലത്തെ നാസ്തിക രചനകളെ വിചാരണ ചെയ്യുന്നു.**

ഭീകരവാദത്തിന് പ്രമാണബന്ധിത കാരണങ്ങളുണ്ടെന്നു പറയുക മാത്രമല്ല, ആ കാരണങ്ങളാണ് ആഗോളതലത്തിൽ മുസ്‌ലിംലോകത്ത് പ്രവർത്തിക്കുന്നത് എന്നും സ്ഥാപിക്കാനുള്ള ശ്രമങ്ങളാണ് സാം ഹാരിസിന്റെ 2004ൽ പുറത്തിറങ്ങിയ 'ദി എന്റ് ഓഫ് ഫെയ്ത്ത്' മുതലുള്ള നവനാസ്തിക രചനകളധികവും. 'ഭീകരവാദികളാൽ തെറ്റിദ്ധരിക്കപ്പെട്ട ഒരു സമാധാ

നത്തിന്റെ മതവുമായല്ല നമ്മുടെ യുദ്ധം! ഭീകരരുടെ ചെയ്തികളെ ശരിവെക്കുന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളല്ലാതെ മറ്റൊന്നുമല്ല,' തുടങ്ങിയ സ്വഭാവത്തിലുള്ള എഴുത്തുകളിലൂടെ ഇസ്‌ലാം സ്വതസിദ്ധമായിത്തന്നെ ഭീകരതയുടെ ആശയമാണെന്ന് സ്ഥാപിക്കാൻ ഹാരിസ് ശ്രമിക്കുന്നതായി കാണാം. ഹാരിസ്രചനകളെ പൂർണമായി വിലയിരുത്തിയാൽ മേൽപ്പറഞ്ഞ ഭീകരതയെ ഇസ്‌ലാമിനുമേൽ ആരോപിക്കുന്നതിന് അദ്ദേഹം പറയുന്ന ന്യായങ്ങൾ ഇതൊക്കെയാണെന്ന് സംഗ്രഹിക്കാനാകും:

എ) ക്വുർആനിലെ അറുപത് യുദ്ധ വാക്യങ്ങൾ.[1]

ബി) ഇസ്‌ലാം രക്തസാക്ഷിത്വത്തിന് പുണ്യം കൽപിക്കുന്നത് ചാവേർ ആക്രമണങ്ങൾക്ക് പ്രചോദനം ആകുന്നുവെന്ന ആരോപണം.[2]

സി) ഭീകരരുടെ സാക്ഷ്യം.

ഇവ ഓരോന്നിനെയും വിശദമായിത്തന്നെ പരിശോധിക്കാം. അമുസ്‌ലിംകളോട് യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുന്ന ക്വുർആനിക വചനങ്ങൾ നിരവധിയുണ്ടെന്നു പറഞ്ഞ് ഉദാഹരണമായി അറുപത് എണ്ണംതെളിവായി കൊടുക്കുകയാണ് സാം ഹാരിസ് പ്രധാനമായും ചെയ്യുന്നത്. ആരുമായൊക്കെ, എപ്പോൾ, ഏതവസ്ഥയിൽ, എങ്ങനെ യുദ്ധം ചെയ്യണമെന്ന് കൃത്യമായും ബോധനമുള്ള ഒരു ദർശനത്തിൽനിന്നും സന്ദർഭമോ സാഹചര്യമോ ഉദ്ദേശ്യമോ ചേർക്കാതെ പതിനാറ് ക്വുർആൻ വാക്യങ്ങളെ ഭീകരതക്ക് തെളിവായി എടുക്കുന്നത് ബാലിശമാണെന്ന് തിരിച്ചറിയാനുള്ള വിവേകം കാണിക്കാത്തതാണ് ഹാരിസ് ഇവിടെ ചെയ്യുന്ന ഒന്നാമത്തെ അബദ്ധം.

യുദ്ധസാഹചര്യങ്ങളിൽ അക്രമികളോടും ശത്രുക്കളോടും എങ്ങനെ ചെറുത്തുനിൽക്കണമെന്ന കൽപനകളെ ചരിത്രബോധമില്ലാതെ ഉപയോഗിക്കുന്നതിലൂടെത്തന്നെ ഹാരിസ് തന്റെ വിമർശനങ്ങളുടെ നിലവാരമില്ലായ്മ സമ്മതിക്കുന്നു. യുദ്ധത്തിനു വരുന്ന ശത്രുഭടന്മാരോട് പ്രതിരോധം സമ്മതിക്കുന്ന ഇസ്‌ലാം പക്ഷേ, സായുധരല്ലാത്ത മറ്റാർക്കു നേരെയും അതിന് അനുവദിക്കുന്നില്ല. കുട്ടികൾക്കോ, വൃദ്ധർക്കോ, സ്ത്രീകൾക്കോ, മതപുരോഹിതർക്കോ, ദേവാലയങ്ങൾക്കോ എതിരിൽ യുദ്ധ സാഹചര്യത്തിൽ പോലും പ്രവർത്തിക്കരുത് എന്ന പ്രവാചക കൽപനതന്നെ കേവലം വിദ്വേഷമല്ല യുദ്ധകാരണം എന്നു വ്യക്തമാക്കുന്നുണ്ട്.[3]

സ്വന്തം രാഷ്ട്രത്തിലെ പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണവും ഭയത്തിൽനിന്നും മോചനവും ഉറപ്പുനൽകുകയെന്ന മാനവിക ലക്ഷ്യമാണ് ഈ പ്രതിരോധങ്ങളുടെ ഹേതു എന്ന് വ്യക്തമാണ്. 13 വർഷക്കാലം ശത്രുക്കളുടെ കൊടിയ പീഡനങ്ങൾക്ക് നടുവിൽ ജീവിച്ചിട്ട് പോലും പ്രവാചകന് ഒരു പ്രതിരോധത്തിന് പോലും അനുവാദം നൽകാത്ത ക്വുർആൻ അതിന് അനുമതി നൽകി തുടങ്ങുന്ന വചനം തന്നെ ഒരു ഇസ്‌ലാമിക രാഷ്ട്ര സംവിധാനത്തിന് അകത്ത് അവതരിക്കുന്നതാണ്. അടിച്ചമർത്തപ്പെട്ട വിഭാഗമാണ് എന്നതാണ് പ്രതിരോധത്തിനുള്ള അനുമതിയുടെ ഹേതുവെന്നുകൂടെ പറയുന്ന ക്വുർആൻ അതിന്റെ ഉദ്ദേശവും കൂടെ വ്യക്തമാക്കുന്നു.[4]

അപ്പോഴും സമാധാനത്തോട് ചായ്‌വ് കാണിക്കണമെന്നും അക്രമത്തിൽ നിന്നും വിട്ടുനിൽക്കുന്നവരോട് നീതി കാണിക്കണമെന്നും യുദ്ധസാഹചര്യത്തിൽ പോലും അതിരുകവിയരുതെന്നുമൊക്കെയുള്ള ക്വുർആൻ വാക്യങ്ങൾ പ്രതിരോധത്തിന് പോലും മാനവികമുഖം നൽകുന്നു.

നിലനിൽക്കുന്ന ഒരാധുനിക രാഷ്ട്ര സംവിധാനത്തിനും അവകാശപ്പെടാൻ കഴിയാത്തത്ര മാനവികമാണ് ഈ യു

**സ്വന്തം രാഷ്ട്രത്തിലെ പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണവും ഭയത്തിൽനിന്നും മോചനവും ഉറപ്പുനൽകുകയെന്ന മാനവിക ലക്ഷ്യമാണ് ഈ പ്രതിരോധങ്ങളുടെ ഹേതു എന്ന് വ്യക്തമാണ്. 13 വർഷക്കാലം ശത്രുക്കളുടെ കൊടിയ പീഡനങ്ങൾക്ക് നടുവിൽ ജീവിച്ചിട്ട് പോലും പ്രവാചകന് ഒരു പ്രതിരോധത്തിന് പോലും അനുവാദം നൽകാത്ത ക്വുർആൻ അതിന് അനുമതി നൽകി തുടങ്ങുന്ന വചനം തന്നെ ഒരു ഇസ്‌ലാമിക രാഷ്ട്രസംവിധാനത്തിന് അകത്ത് അവതരിക്കുന്നതാണ്. അടിച്ചമർത്തപ്പെട്ട വിഭാഗമാണ് എന്നതാണ് പ്രതിരോധത്തിനുള്ള അനുമതിയുടെ ഹേതുവെന്നുകൂടെ പറയുന്ന ക്വുർആൻ അതിന്റെ ഉദ്ദേശവും കൂടെ വ്യക്തമാക്കുന്നു.**

ദ്ധനിയമങ്ങൾ എന്നതിൽ തർക്കമില്ല. എന്നാൽ ചരിത്രമോ പശ്ചാത്തലമോ ഉദ്ദേശ്യമോ പ്രതിരോധത്തിന് ഇസ്‌ലാം കൽപിച്ച മാനവിക നിയമങ്ങളെയോ സംബന്ധിച്ച് യാതൊരു ബോധവുമില്ലാത്ത ഹാരിസിന് അറുപതല്ല നൂറ്റി അറുപത് ക്വുർആൻ വചനങ്ങളെയും ദുർവ്യാഖ്യാനിച്ച് ഭീകരതയ്ക്ക് തെളിവായി പറയാമായിരുന്നു!

ഇങ്ങനെ ഇസ്‌ലാമിനെ സംബന്ധിച്ചോ അതിന്റെ അടിസ്ഥാന പ്രമാണങ്ങളെ സംബന്ധിച്ചോ യാതൊരു വിവരവുമില്ലായെന്ന് തുറന്നു സമ്മതിക്കുന്ന രീതിയിൽ ഇസ്‌ലാംവിരുദ്ധ ആരോപണങ്ങൾ പ്രചരിപ്പിക്കുമ്പോഴും ഹാരിസിന്റെ കണ്ണിൽ അമേരിക്കയ്ക്ക് ആരാധനാപാത്രത്തിന്റെ സ്ഥാനമാണ്! ആധുനികലോകത്ത് സംഘടിതമായി മനുഷ്യരെ കൊല്ലുന്നതിൽ മുന്നിൽനിൽക്കുന്ന ഭീകരരാഷ്ട്രം തന്നെയാണ് അമേരിക്ക. ഇറാക്കിലും ഇറാനിലും അഫ്ഗാനിലുമൊക്കെ നീണ്ട നരഹത്യകൾ നടത്തി പരിചയമുള്ള അമേരിക്കൻ തീവ്രദേശീയതയോട് അടിമത്തം പ്രഖ്യാപിക്കുന്ന ഹാരിസിന് ഇസ്‌ലാം വിരോധം തോന്നിയില്ലെങ്കിൽ മാത്രമാണ് അത്ഭുതം.

പ്രമുഖ രാഷ്ട്രീയ നിരീക്ഷകനും തത്ത്വചിന്തകനുമായ നോം ചോസ്കി തന്നെ 'വലിയ ഭീകരരാഷ്ട്രം' എന്നാണ് അമേരിക്കയെ വിലയിരുത്തുന്നത്.[5] എന്നാൽ കൊച്ചുകുഞ്ഞുങ്ങളെ പച്ചക്ക് കൊല്ലുന്ന അമേരിക്കൻ നടപടിയെപോലും ന്യായീകരിക്കുന്നതിൽ ഹാരിസിന് തെല്ലും മാനക്കേട് ഉണ്ടാകുന്നില്ല. അങ്ങനെ ഒരു ആക്രമണത്തിൽ കൊച്ചുകുഞ്ഞുങ്ങൾ കൊല്ലപ്പെട്ടാൽതന്നെ അത് കൊലാട്ടറൽ ഡാമേജിന്റെ (Collateral Damage) ഭാഗം മാത്രമാണ് എന്നാണ് ഹാരിസിന്റെ വിശദീകരണം.[6]

ഇത്രയും അധഃപതിച്ച ധാർമിക അടിമത്തവുമായി ജീവിക്കുന്ന ഹാരിസിന്, കുഞ്ഞുങ്ങളെയോ സ്ത്രീകളെയോ വൃദ്ധരെയോ യുദ്ധത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നവരെയോ യുദ്ധ സാഹചര്യത്തിൽ പോലും ആക്രമിക്കരുതെന്ന് കൽപനയുള്ള മതത്തെ[7] ഭീകരതയുടെ ആശയമായി തോന്നുന്നത് മറ്റൊരു വൈരുധ്യമാണ്.

## രക്തസാക്ഷിത്വവും സൂയിസൈഡ് ആക്രമണങ്ങളും

രക്തസാക്ഷിത്വത്തിന് സ്വർഗം വാഗ്ദാനം നൽകുന്ന ഇസ്‌ലാം മനുഷ്യനെ മരിക്കാൻ പ്രേരിപ്പിക്കുകയും അത് സൂയിസൈഡ് ആക്രമണങ്ങൾക്കുള്ള പ്രത്യയശാസ്ത്ര ന്യായീകരണവുമാവുകയും ചെയ്യുന്നു എന്നതാണ് സാം ഹാരിസ് ഉന്നയിക്കുന്ന മറ്റൊരു പരാതി. യുദ്ധക്കളത്തിൽ സ്വന്തം രാജ്യത്തിനും ജനങ്ങൾക്കും ആദർശത്തിനും വേണ്ടി അവസാനംവരെ പോരാടി മരിക്കേണ്ടിവരുന്ന മനുഷ്യന് ഇസ്‌ലാം സ്വർഗം വാഗ്ദാനം ചെയ്യുന്നുണ്ട് എന്നതൊരു യാഥാർഥ്യമാണ്. ഒരു മനുഷ്യന് ചെയ്യാവുന്നതിൽവച്ച് വലിയ ത്യാഗമെന്ന നിലയിൽ ഇസ്‌ലാം മാത്രമല്ല ഏതൊരു ആധുനിക രാഷ്ട്രവും രക്തസാക്ഷിയാകേണ്ടിവരുന്ന തങ്ങളുടെ ഭടനെ ആദരിക്കുന്നു. രാജ്യത്തിന്റെ വലിയ ബഹുമതികൾ പ്രഖ്യാപിക്കുന്നു. ഈ രൂപത്തിൽ ഒരു മഹാത്യാഗത്തെ ആദരിക്കുന്ന നിലപാടുകൾ ഉണ്ടാകുന്നത് ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കലാണെന്ന് ബുദ്ധിയുള്ള ആരും സമ്മതിക്കില്ല. അങ്ങനെയെങ്കിൽ മിക്ക ആധുനിക രാഷ്ട്രങ്ങളും ഈ ആരോപണത്തിന് പുറത്തല്ല. സ്വയം മരിച്ച് അതോടൊപ്പം അന്യരെ കൊല്ലുന്ന ചാവേർ ആക്രമണത്തിന് ഇതിൽ യുക്തിപരമായ പിൻബലം ഉണ്ടെന്നതാണ് ഹാരിസിന്റെ മറ്റൊരു വൈരുധ്യം നിറഞ്ഞ കണ്ടെത്തൽ. ആത്മഹത്യയെ വലിയ പാപമായി പരിചയപ്പെടുത്തുകയും അതിന്റെ ശിക്ഷയെന്നോണം നിത്യനരകത്തിൽ അതിന്റെ വേദന നുകരേണ്ടി വരുമെന്നും പഠിപ്പിക്കുന്ന മതത്തിൽ[8] ആത്മഹത്യാ



കൊലപാതകങ്ങൾക്ക് ന്യായമുണ്ടെന്ന ആരോപണത്തിലൂടെ വാസ്തവത്തിൽ ഹാരിസ് ഇസ്‌ലാമിനെ സംബന്ധിച്ച് എത്രത്തോളം അജ്ഞനാണെന്ന് തെളിയിക്കുകയാണ് ചെയ്യുന്നത്. യുദ്ധവേളയിൽ ക്രൂരമായി ആക്രമിക്കപ്പെട്ട്, അതിന്റെവേദന സഹിക്കവയ്യാതെ ആത്മഹത്യ ചെയ്ത അനുചരൻ പോലും അതിന്റെ പേരിൽ പരലോക ശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന് പഠിപ്പിച്ച ഇസ്‌ലാമിനെ സംബന്ധിച്ച് ചാവേറാക്രമണം അന്യമാണ്, പാപമാണ്. ഇസ്‌ലാം വിലക്കിയ കാര്യം അനുവർത്തിക്കുന്ന ആളുകളുടെ പേരിൽ എങ്ങനെയാണ് ഇസ്‌ലാമിനെ തന്നെ വിമർശിക്കാനാവുക?

### ഭീകരരുടെ സാക്ഷ്യം

അഫ്ഗാനിലും ഫലസ്തീനിലുമൊക്കെ ഭീകരരുണ്ടാകുന്നത് രാഷ്ട്രീയ സാഹചര്യം കാരണമായല്ല, മറിച്ച് ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്ന ലോകവീക്ഷണത്തിന്റെതന്നെ ഭാഗമായാണ് എന്ന് സ്ഥാപിക്കാൻ തന്റെ 'എന്റ് ഓഫ് ഫെയ്ത്ത്' എന്ന കൃതിയിൽ ചില ഭീകരരുടെ വർത്തമാനങ്ങൾ ഉദ്ധരിച്ച് സാം ഹാരിസ് ശ്രമിക്കുന്നുണ്ട്.

'എനിക്ക് ഒന്നിനോടുമുള്ള പ്രതികാരം ആയിരുന്നില്ല. രക്തസാക്ഷിത്വം മാത്രമായിരുന്നു എന്റെ ലക്ഷ്യം.'[9] ഇസ്രായേലിന് നേരെയുള്ള ചാവേറാക്രമണത്തിൽ പരാജയപ്പെട്ടതിനെ തുടർന്ന് പിടിക്കപ്പെട്ട സയ്ദാൻ സയ്ദാന്റെ വാക്കുകളാണിത്. രാഷ്ട്രീയമായ പ്രതികാരമോ പ്രതിരോധമോ ആയിരുന്നില്ല, മറിച്ച് സ്വർഗം കൊതിച്ചാണ് സയ്ദാൻ ഒരു ഭീകരവാദിയാകാൻ തീരുമാനിച്ചതെന്നും ഇതേ പ്രേരണ തന്നെയാണ് ഇസ്‌ലാം മറ്റു ഭീകരർക്ക് നൽകുന്നത് എന്നുമൊക്കെയാണ് സാം ഹാരിസിന്റെ തുടർന്നുള്ള കണ്ടെത്തലുകൾ. എന്നാൽ ആമുഖമായി ഇത്രമാത്രം പറഞ്ഞ് അവസാനിപ്പിക്കുന്ന സാം ഹാരിസിൽനിന്നും സയ്ദാനെ കുറിച്ച് കൂടുതൽ ഒന്നും അറിയാൻ കഴിയുന്നില്ല. അതിനാൽ സയ്ദാനെ ഉദാഹരിക്കാൻ സാം ഹാരിസ് റഫറൻസായി ആശ്രയിക്കുന്ന ന്യൂയോർക്ക് ടൈംസിലെ 2002 ജൂൺ എട്ടിലെ ലേഖനം തന്നെ പരിശോധിക്കാം.

അഞ്ചാം ക്ലാസ്സിൽ പഠനം അവസാനിപ്പിച്ച, വായിക്കാനറിയുന്ന, എന്നാൽ എഴുതാനറിയാത്ത വ്യക്തിയാണ് സയ്ദാൻ. ശേഷം മരപ്പണിക്കാരനായും പത്രവിതരണക്കാരനായുമൊക്കെ ജോലി നോക്കിയ സയ്ദാൻ ഒരു ചാവേർ ആക്രമണത്തെ സംബന്ധിച്ച് കാര്യമായി ആലോചിച്ചുതുടങ്ങുന്നത് ഫലസ്തീനിലെ ജെനിനിലെ അഭയാർഥിക്യാമ്പുകളിൽ ഇസ്രായേൽ നടത്തിയ റെയ്ഡിന് ശേഷമാണെന്നും അദ്ദേഹംതന്നെ പറയുന്നു. ശേഷം ഇസ്രായേലിനകത്തെ ആളുകൾ അനുഭവിക്കുന്ന സുരക്ഷിത ബോധവും തങ്ങൾ നേരിടുന്ന സുരക്ഷിതത്വമില്ലായ്മയും സംബന്ധിച്ച് ആവലാതികൾ പങ്കുവയ്ക്കുന്നു.[10] ഇതിൽ നിന്നൊക്കെത്തന്നെ അയാളെ ആ അവസ്ഥയിലേക്ക് എത്തിച്ച സാമൂഹ്യ കാരണങ്ങൾ വ്യക്തമാണ്.

> **യുദ്ധസാഹചര്യങ്ങളിൽ അക്രമികളോടും ശത്രുക്കളോടും എങ്ങനെ ചെറുത്തുനിൽക്കണമെന്ന കൽപനകളെ ചരിത്രബോധമില്ലാതെ ഉപയോഗിക്കുന്നതിലൂടെത്തന്നെ ഹാരിസ് തന്റെ വിമർശനങ്ങളുടെ നിലവാരമില്ലായ്മ സമ്മതിക്കുന്നു. യുദ്ധത്തിനു വരുന്ന ശത്രുഭടന്മാരോട് പ്രതിരോധം സമ്മതിക്കുന്ന ഇസ്‌ലാം പക്ഷേ, സായുധരല്ലാത്ത മറ്റാർക്കു നേരെയും അതിന് അനുവദിക്കുന്നില്ല. കുട്ടികൾക്കോ, വൃദ്ധർക്കോ, സ്ത്രീകൾക്കോ, മതപുരോഹിതർക്കോ, ദേവാലയങ്ങൾക്കോ എതിരിൽ യുദ്ധ സാഹചര്യത്തിൽ പോലും പ്രവർത്തിക്കരുത് എന്ന പ്രവാചക കൽപനതന്നെ കേവലം വിദ്വേഷമല്ല യുദ്ധകാരണം എന്നു വ്യക്തമാക്കുന്നുണ്ട്.**

ന്യൂയോർക്ക് ടൈംസിൽ ഇത് ഉദ്ധരിക്കുന്ന ലേഖകൻ ജെയിംസ് ബെനട്ട് ഇസ്രായേലി സൈനികരുടെ സാന്നിധ്യത്തിലാണ് സയ്ദാനെ ഇന്റർവ്യൂ ചെയ്യുന്നത്. ശിക്ഷാവിധി കാത്തുനിൽക്കുന്ന പ്രതിയെന്ന നിലയ്ക്ക് രാഷ്ട്രീയമായി ഇസ്രായേലിനോട് വിരോധം ഒന്നും ഇല്ലായിരുന്നുവെന്ന് അവരുടെ സാന്നിധ്യത്തിൽ ഒരാൾ പറയുക സ്വാഭാവികം മാത്രമാണ്. അത്തരമൊരു അവസ്ഥയിലെ ഒരു വ്യക്തിയുടെ വർത്തമാനം വ്യാജമാകാനാണ് സാധ്യത എന്നതുകൊണ്ടുതന്നെ തെളിവായി എടുക്കാനും യോഗ്യമല്ല.

ലോക മുസ്‌ലിം മനസ്സുകൾതന്നെ ഭീകരതയോട് സമരസപ്പെട്ടിരിക്കുന്നു എന്ന് സമർഥിക്കാൻ വിവിധ പോളുകളെ സെലക്ടീവായി ഉപയോഗിക്കുന്നതാണ് സാം ഹാരിസ് ചെയ്ത് കാണുന്ന മറ്റൊരു തട്ടിപ്പ്. ഒരു ഡസൺ മുസ്‌ലിം രാഷ്ട്രങ്ങളിലായി 'പ്യൂ റിസർച്ച്

സെന്റർ' 2002ൽ നടത്തിയ പഠനത്തിൽ എഴുപത്തിമൂന്ന് ശതമാനം ലെബനോൺകാർ സൂയിസൈഡ് ബോംബിങ് ന്യായീകരിക്കാവുന്നതാണെന്ന അഭിപ്രായം രേഖപ്പെടുത്തിയെന്നതാണ് ഹാരിസ് ഉന്നയിക്കുന്ന പ്രശ്നം.[11] എന്നാൽ അറബ്-ഇസ്രായേൽ പ്രശ്നങ്ങളുടെയും പ്രതിരോധത്തിന്റെയും സന്ദർഭത്തിൽ മാത്രം ഒതുങ്ങുന്ന ഒരു വീക്ഷണമായിരുന്നു അത്. ഇസ്രായേൽ അധിനിവേശത്തിന്റെ യുദ്ധകലുഷിതമായ സാഹചര്യത്തിൽനിന്നേ അതിനെ കാണാൻ കഴിയൂ. പിന്നീട് ആഗോളതലത്തിൽ ചാവേർ ആക്രമണങ്ങൾ അധികരിക്കുകയും അതിന്റെ നശീകരണ സ്വഭാവം ലോകം മനസ്സിലാക്കുകയും ചെയ്ത ശേഷം 2014ൽ നടത്തിയ പഠനം സാം ഹാരിസിന്റെ സെലക്ടിവ് വ്യാഖ്യാനങ്ങൾ തെറ്റായിരുന്നുവെന്ന് തെളിയിക്കുന്നുണ്ട്.

ഇതനുസരിച്ച് ഇരുപത്തി ഒൻപത് ശതമാനം ലെബനോൺകാർ മാത്രമാണ് ചില സാഹചര്യങ്ങളിലെങ്കിലും സൂയിസൈഡ് ബോംബിങ് ന്യായീകരിക്കാവുന്നതാണ് എന്ന് പറഞ്ഞത്. 45 ശതമാനത്തിന്റെ അഭിപ്രായത്തിൽ ചാവേറാക്രമണം ഒരിക്കലും ന്യായീകരിക്കാനാകാത്തതാണ്. കൂടാതെ 96 ശതമാനം ലെബനോൺകാർക്കും അൽ ക്വാഇദയോട് പ്രതികൂലമായ അഭിപ്രായമാണെന്നും 2014ലെ പ്യൂ റിസർച്ച് പഠനം പറയുന്നു.[12]

9/11 ആക്രമണത്തിൽ ചാവേറാക്കപ്പെട്ട ഭീകരവാദികൾ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നവരാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു എന്ന ആക്ഷേപമാണ് സാം ഹാരിസിന്റെ എന്റ് ഓഫ് ഫെയ്ത്തിൽ കാണുന്ന മറ്റൊരു വിമർശനം.[13] ഇസ്‌ലാമിനെ പ്രതിരോധിക്കാൻ പൗരന്മാരെ ആക്രമിക്കാമോ എന്ന ചോദ്യത്തിനുത്തരമായി വലിയൊരു ശതമാനം മുസ്‌ലിംകൾ ഭീകരതയെ അനുകൂലിക്കുന്നുവെന്നു നമുക്ക് കാണാനാകുമെന്നും ഹാരിസ് എഴുതുന്നു. എന്നാൽ മുസ്‌ലിംകളെ സംബന്ധിച്ച ഹാരിസിന്റെ ഈ വിലയിരുത്തലുകൾ മഹാഅബദ്ധങ്ങൾ തന്നെയായിരുന്നുവെന്ന് തെളിയിക്കുന്ന പഠനങ്ങളുണ്ട്. മുസ്‌ലിം ഭൂരിപക്ഷ ഫലസ്തീനിനും അമുസ്‌ലിം ഭൂരിപക്ഷ ഇസ്രായേലിനും ഇടയിൽ ഗാലപ്പ് 2008ൽ നടത്തിയ പഠനം ഉദാഹരണമായെടുക്കാം.

ഒരു സംഘമോ, വ്യക്തിയോ കാരണത്താൽ പൗരന്മാർ ആക്രമിക്കപ്പെടുന്നതോ കൊല്ലപ്പെടുന്നതോ ന്യായീകരിക്കാനാകുമോ എന്ന ചോദ്യത്തിന് 73% ഇസ്രായേലികൾ മാത്രമാണ് ന്യായീകരിക്കാനാകില്ല എന്ന ഉത്തരം നൽകിയത്. അതേസമയം 84% ഫലസ്തീനികൾ അത്തരം ആക്രമണങ്ങളെ ന്യായീകരിക്കാനാവില്ല എന്ന മറുപടി നൽകി. സാഹചര്യത്തിനും സന്ദർഭത്തിനുമനുസരിച്ച് അത്തരം ആക്രമണങ്ങൾ ന്യായീകരിക്കപ്പെട്ടേക്കാമെന്ന് 22% ഇസ്രായേലികൾ പറഞ്ഞപ്പോൾ 14% ഫലസ്തീനികൾക്ക് മാത്രമാണ് സമാന അഭിപ്രായമുള്ളത്.

ഒരു സൈനിക ആക്രമണത്തിന് ഇടയിൽ സാധാരണക്കാരായ പൗരന്മാർ വധിക്കപ്പെടുന്നതിനെ ന്യായീകരിക്കാനാകുമോ എന്ന ചോദ്യത്തിന് മറുപടിയായി അതിനെ ഒരിക്കലും ന്യായീകരിക്കാനാകില്ലെന്ന് 86% ഫലസ്തീനികൾ ഉത്തരം നൽകിയപ്പോൾ വെറും 44% ഇസ്രായേലികൾക്ക് മാത്രമാണ് അതിനെ ന്യായീകരിക്കാനാകില്ല എന്ന അഭിപ്രായം പറഞ്ഞത്. സാഹചര്യത്തിനും സന്ദർഭത്തിനും അനുസരിച്ച് ന്യായീകരിക്കപ്പെടും എന്നതാണ് 52% ഇസ്രായേലികളുടെ വീക്ഷണം. പൗരന്മാർ ആക്രമിക്കപ്പെടുന്നതിനോടുള്ള വിയോജിപ്പിൽ ഒരു മുസ്‌ലിം ഭൂരിപക്ഷ രാഷ്ട്രമായ ഫലസ്തീൻതന്നെയാണ് ഇസ്രായേലുമായി താരതമ്യം ചെയ്യുമ്പോൾ മുന്നിലെന്ന് ഈ പഠനം തെളിയിക്കുന്നു.[14]



2011ലെ മറ്റൊരു ഗാലപ്പ് പഠനം കൂടി പരിശോധിക്കാം. ഒരു വ്യക്തിയോ സംഘമോ പൗരന്മാരെ ആക്രമിക്കുന്നതോ കൊല്ലുന്നതോ ഒക്കെ ചില സാഹചര്യങ്ങളിലെങ്കിലും ന്യായീകരിക്കപ്പെടും എന്നതാണ് യുഎസ്സിലെയും കാനഡയിലെയും 21 ശതമാനം വ്യക്തികളുടെ അഭിപ്രായം. എന്നാൽ മുസ്‌ലിം ഭൂരിപക്ഷ മിഡിൽ ഈസ്റ്റിൽ 9 ശതമാനത്തിനു മാത്രമാണ് ഈ അഭിപ്രായമുള്ളത്. അമേരിക്കയിലെയും കാനഡയിലെയും 77 ശതമാനം മാത്രം ഇതിനെ ന്യായീകരിക്കാനാകില്ലെന്ന് പറഞ്ഞപ്പോൾ മിഡിലീസ്റ്റിലെ 85 ശതമാനം ആളുകൾക്ക് അത് ന്യായീകരിക്കാനാകില്ല എന്ന അഭിപ്രായമാണ്.[15] 2008ലെ ഒരു ഗാലപ്പ് പഠനമനുസരിച്ച് വലിയൊരു ശതമാനം മുസ്‌ലിംകളുടെ അഭിപ്രായത്തിൽ 9/11 ആക്രമണം ന്യായീകരിക്കാനാകാത്ത തെറ്റാണ്.[16]

ഇങ്ങനെ മുസ്‌ലിം അഭിപ്രായങ്ങളെ സംബന്ധിച്ച നിരവധി സാമൂഹ്യ പഠനങ്ങൾതന്നെ സാം ഹാരിസിനെ ഖണ്ഡിക്കുന്നു. മറ്റൊന്ന് 9/11 ഭീകരാക്രമണത്തിന് ദിവസങ്ങൾക്കുള്ളിൽ തന്നെ മുസ്‌ലിം പണ്ഡിത ലോകത്തുനിന്നുണ്ടായ സമീപനങ്ങളാണ്. ഒരുതരത്തിലും ന്യായീകരിക്കാനാവാത്തത് എന്ന് മാത്രമല്ല ഇസ്‌ലാമിക ദൃഷ്ടിയാൽ വലിയ തെറ്റായിരുന്നു അതെന്ന വിശകലനം കൂടിയാണ് ഈ വിഷയത്തിൽ പണ്ഡിതലോകത്തുനിന്നും ഉണ്ടായത്. അൽഖ്വാഇയുടെയും ബിൻലാദന്റെയും പ്രവൃത്തികളെ അപലപിച്ചു കൊണ്ടുള്ള മുസ്‌ലിം പണ്ഡിതാഭിപ്രായങ്ങൾ ന്യൂയോർക്ക് ടൈംസ് പോലുള്ള പ്രധാന മാധ്യമങ്ങളിൽ പോലും ലേഖനങ്ങളായി വന്നിരുന്നു.[17] എന്നിട്ടും അൽഖ്വാഇദയെയും ബിൻലാദനെയുമൊക്കെ മുന്നിൽ നിർത്തി മുഴുവൻ മുസ്‌ലിംകളെയും ഭീകരവാദികളാക്കാൻ ഹാരിസ് കഷ്ടപ്പെടുന്നത് സ്വന്തം കപടദാർശനികത കൊണ്ടാകണം. വാസ്തവത്തിൽ ഹാരിസ് ആരോപിക്കുന്നതുപോലെ മതപരമാണ് 9/11 ആക്രമണത്തിനും അൽഖ്വാഇദക്കുമൊക്കെ പ്രേരണയെന്ന് പറയാനാകുമോ? തീർത്തും കഴിയില്ലെന്നാണ് ഈ രംഗത്തെ വിലയിരുത്തലുകൾ വ്യക്തമാക്കുന്നത്. അത് സംബന്ധിച്ച നിരവധി പഠനങ്ങൾ ലഭ്യമാണെങ്കിലും അതൊക്കെ ഉദ്ധരിച്ച് സ്ഥലം കളയേണ്ടതുണ്ടെന്ന് തോന്നുന്നില്ല. അൽഖ്വാഇദയുടെ സ്ഥാപകനേതാവായി അറിയപ്പെടുന്ന ഉസാമ ബിൻലാദൻ തന്നെ 2005 നവംബറിൽ പ്രസിദ്ധീകരിച്ച തന്റെ 'മെസ്സേജസ് ടു ദി വേൾഡ്' എന്ന ഗ്രന്ഥത്തിൽ അമേരിക്കൻ ട്രേഡ് സെന്റർ ആക്രമണത്തിലേക്ക് അയാളെ നയിച്ച പ്രചോദനങ്ങളെ സംബന്ധിച്ച് സംസാരിക്കുന്നുണ്ട്. അവിടെയത് രാഷ്ട്രീയമാണെന്ന് തുറന്നെഴുതുന്നത് ഇങ്ങനെ വായിക്കാം:

"ദൈവത്തിനറിയാം; ആ ടവറുകളെ ആക്രമിക്കാനുള്ള ഉദ്ദേശ്യം ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല. എന്നാൽ അമേരിക്കൻ-ഇസ്രായേൽ ബാന്ധവവും ഫലസ്തീനിലെയും ലബനോണിലെയും ജനങ്ങൾക്കെതിരെയുള്ള അവരുടെ ആക്രമണങ്ങളും അത്തരം ഒരു ആശയം ഞങ്ങൾക്ക് കൊണ്ടുതന്നു. 1982നും ശേഷവും ലബനോൺ ദേശത്തെ അധിനിവേശത്തിലൂടെ കീഴടക്കാൻ ഇസ്രായേലിന് അമേരിക്ക അനുമതി നൽകിയത് എനിക്ക് നേരിട്ടുള്ള പ്രചോദനമായി. അവർ (ഇസ്രായേൽ) അവിടെ സ്ഫോടനംകൊണ്ടും അക്രമംകൊണ്ടും അസമാധാനമുണ്ടാക്കി. അതിൽ ജനങ്ങൾ ഭയന്ന് ഒളിച്ചോടേണ്ട അവസ്ഥയുണ്ടായി. എനിക്കിപ്പോഴും അസഹ്യമായ അതിന്റെ ദൃശ്യങ്ങൾ ഓർമയിൽ കാണാം. ഈ ലോകം മുഴുവൻ അത് കണ്ടിട്ടും പ്രതികരിച്ചില്ല. ആ അവസ്ഥയിൽ എനിക്കുള്ളിൽ ഒരുപാട് ആശയങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. അവ വിശദീകരിക്കാൻ പ്രയാസമാണ്. എന്നാൽ അനീതിയെ നീക്കാനും അതിക്രമികളെ ശിക്ഷിക്കാനും അതെനിക്കുള്ള ശക്തമായ ഉത്തേജനമായി. ലെബനോണിലെ തകർന്ന കെട്ടിടങ്ങളെ കണ്ടപ്പോൾ അക്രമികളെയും അതേരൂപത്തിൽ ശിക്ഷിക്കണം എന്നെനിക്ക് തോന്നി.'[18]

തികച്ചും മതരഹിതമായ ഉദ്ദേശ്യവും രാഷ്ട്രീയമായ കാര്യകാരണങ്ങളും ഒക്കെയായിരുന്നു സെപ്റ്റംബർ പതിനൊന്നിലെ ട്രേഡ് സെന്റർ ആക്രമണത്തിന് പിറകിലെന്ന് അതിലേക്ക് നയിച്ച രാഷ്ട്രീയ കാരണങ്ങൾ ഉദ്ധരിച്ചുതന്നെ ഉസാമ ബിൻലാദൻ ഇവിടെ വ്യക്തമാക്കുന്നു. ഈ രാഷ്ട്രീയ കലഹത്തിന് ഇടയിലെവിടെയും ഇസ്‌ലാം വരുന്നില്ല എന്ന് മാത്രമല്ല ഇസ്‌ലാം ഇല്ലായിരുന്നെങ്കിൽകൂടി നാം ഇവർക്കെതിരെ യുദ്ധം ചെയ്യുമായിരുന്നുവെന്ന് ബിൻലാദൻ തുറന്നിടുന്നെഴുതുന്നുണ്ട്.

'ദൈവം ഇസ്‌ലാമിനെകൊണ്ട് നമ്മുടെ പൂർവികരെ അനുഗ്രഹിച്ചില്ലായിരുന്നെങ്കിൽകൂടി ഈ അതിക്രമങ്ങളെ നമ്മൾ ഇവിടെ അനുവദിക്കുമായിരുന്നില്ല' എന്നാണ് സൗദിയിലെ അമേരിക്കൻ സാന്നിധ്യത്തെ വിമർശിച്ച് ബിൻലാദൻ എഴുതിയത്.[19]

മതരഹിതമായ, എന്നാൽ രാഷ്ട്രീയമായ കാരണങ്ങളെ തന്റെ ഭീകര പ്രവർത്തനങ്ങൾക്ക് ന്യായീകരണമായി കാണുകയാണ് ബിൻലാദൻ ചെയ്തതെന്ന് ഇതിൽനിന്നും വ്യക്തമാണ്. എന്നാൽ ഇതേ നിലവാരത്തിലുള്ള ന്യായീകരണത്തിലൂടെ അമേരിക്കയുടെ ഭീകര പ്രവർത്തനങ്ങളെ ന്യായീകരിക്കുകയാണ് സാം ഹാരിസും ചെയ്യുന്നത്.

സാം ഹാരിസുമായുള്ള ഇ-മെയിൽ സംവാദങ്ങൾക്കിടയിൽ നോം ചോംസ്കി ഈ ഇരട്ടത്താപ്പിനെ ചോദ്യം ചെയ്യുന്നുണ്ട്. 9/11 സംഭവമാണ് ആധുനിക ലോകത്തെ ഏറ്റവും വലിയ ആക്രമണമെന്ന് ഘേദിക്കുന്ന ഹാരിസിന് അമേരിക്ക നടത്തിയ വലിയ ഭീകരാക്രമണങ്ങളെ നോംചോംസ്കി പരിചയപ്പെടുത്തുന്നുണ്ട്. 1998ൽ സുഡാനിലെ അൽശിഫ എന്ന ഫാർമസ്യൂട്ടിക്കൽ ഫാക്ടറിക്ക് നേരെ അമേരിക്ക നടത്തിയ ആക്രമണത്തെ ചോംസ്കി ചൂണ്ടിക്കാണിക്കുന്നു. പിന്നീട് തെറ്റായിരുന്നു എന്ന് തെളിയിക്കപ്പെട്ട ഭീകരബന്ധം ആരോപിച്ചാണ് മിസൈൽ ആക്രമണത്തിലൂടെ ഫാക്ടറിയെ അമേരിക്ക തകർത്തത്. സുഡാൻ എന്ന രാജ്യം മെഡിക്കൽ ആവശ്യങ്ങൾക്ക് പ്രധാനമായും ആശ്രയിച്ചിരുന്ന ഫാക്ടറിയുടെ തകർച്ച രാജ്യത്തിന്റെ ആരോഗ്യനിലയെതന്നെ ബാധിച്ചു. പല രോഗങ്ങൾക്കും വേണ്ട മരുന്ന് ലഭിക്കാത്ത അവസ്ഥയുണ്ടാക്കി. അമേരിക്കയുടെ 2003ലെ ഇറാക്ക് അധിനിവേശം അരലക്ഷം മനുഷ്യരെ കൊലയ്ക്ക് കൊടുത്തായിരുന്നു. ദശലക്ഷം ജനങ്ങളെ അഭയാർഥികളാക്കി രാഷ്ട്രീയമായും സാമൂഹ്യമായും ഇറാക്കിനെ അശാന്തിയിലേക്ക് തള്ളിവിട്ട ആ സംഭവവുമായി തുലനം ചെയ്യുമ്പോൾ 9/11 അതിന്റെ പത്തിലൊന്ന് പോലും ആയിരുന്നില്ലെന്നും നോം ചോംസ്കി തന്റെ ഇ-മെയിലുകളിൽ കുറിക്കുന്നുണ്ട്.

എന്നാൽ ഭീകരത അമേരിക്കയുടേത് ആയതുകൊണ്ട് തന്നെ അതൊക്കെ കൊലാറ്ററൽ ഡാമേജുകളുടെ ഭാഗം മാത്രമാണെന്നും ഭീകരതക്കെതിരെയുള്ള യുദ്ധത്തിൽ അമേരിക്കയെ ന്യായീകരിക്കുന്നതേയുള്ളൂവെന്നും ലജ്ജയില്ലാതെ മറുപടി പറയുകയാണ് സാം ഹാരിസ്.[20] അഥവാ തന്റെ ഭീകര പ്രസ്ഥാനത്തിന് ബിൻലാദൻ രാഷ്ട്രീയമായ ന്യായീകരണങ്ങൾ പറഞ്ഞത്ര നിലവാരം മാത്രമെ സാം ഹാരിസിലും കാണുന്നുള്ളൂ. ഈ ഇരട്ടത്താപ്പും സത്യസന്ധതയില്ലായ്മയും ചുമക്കുന്ന ഹാരിസ് ഇസ്‌ലാമിനെ വിമർശിക്കാൻ തന്റെ കിതാബിലെ ഏടുകൾ നീക്കിവച്ചു എന്നതുതന്നെ അദ്ദേഹത്തിന്റെ ധാർമിക നിലവാരമില്ലായ്മയുമായി സമരസത്തിലാകുന്നു.

**കുറിപ്പുകൾ:**


1. Harris, the end of faith, page 117.

2. Harris, the end of faith, page34

3. swaheeh Bukhari, Volume 004, Book 052, Hadith Number 257.

4. Quran 22:39. https://www.alim.org/quran/tafsir/ibnkathir/surah/22/39/

5. Chomsky says US is world's biggest terrorist. https://www.euronews.com/2015/04/17/chomskysayusisworlds biggestterrorist

6. HARRIS,The end of faith p,146.

7. Volume 004, Book 052, Hadith Number 257.

8. Included in the Sahih of Bukhari and the Sahih of Muslim.

9. Harris, the end of faith.p,31

10. Bennet, "the sIraeli hospital, Bomber Tells Of Trying To kill sIraelis".

11. Harris,The end of faith,124126; Pew research cetnre, "what the world thinks in 2002".

12. Pew Research Cetnre, "Concerns about Islamic Etxremism On The Rise In Middle East."

13. Harris, The End of Faith, p 127.

14. Saad, "Palestinians and sIraelis Favour Nonviolent Solutions."

15. Gallup, "Views Of Violence".


16. Esposito and Mogahed,who speaks for Islam?, Chaper 3

17. Steinberg, "Experts say bin Laden is Distorting Islamic Law."

18. Bin Laden, Messages To The world, 239240.

19. Bin Laden, Messages to the world,8990.

20. https://www.salon.com/2015/05/07/scoring_the noam_chomsky_samharris_debate_how_the_professor_knocked_out_the_atheist/



ആരോഗ്യപഥം

മുസാഫിർ
mail@nerpatham.com

# വൃക്കരോഗങ്ങൾ

തെറ്റായ ജീവിതശൈലി സമ്മാനിച്ച രോഗങ്ങളാണ് ഇന്ന് നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ വ്യാപിക്കുന്നത്. പ്രമേഹവും രക്തസമ്മർദവും കൊളസ്ട്രോൾ പ്രശ്നങ്ങളുമൊക്കെ പകർച്ചവ്യാധിപോലെ പടർന്നുപിടിക്കുന്നു. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൊണ്ട് നമ്മുടെ ഇടയിൽ ഏറ്റവും കൂടുതലായി കാണുന്ന ജീവിതശൈലി രോഗമാണ് വൃക്കരോഗങ്ങൾ. വൃക്കസ്തംഭനം, ഡയാലിസിസ്, വൃക്ക മാറ്റിവയ്ക്കൽ തുടങ്ങിയ പദങ്ങൾ മലയാളിക്ക് സുപരിചിതമാണ്. ചെറിയ പട്ടണങ്ങളിൽപോലും പുതിയ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നു. സമീപഭാവിയിൽ നമ്മുടെ നാടിന് താങ്ങാനാകാത്ത വിധം വൃക്കരോഗികളുടെ എണ്ണത്തിൽ വർധനയുണ്ടാകുമെന്നാണ് വൈദ്യശാസ്ത്ര ലോകത്തിന്റെ ആശങ്ക.

## മുഖ്യകാരണം പ്രമേഹം

കേരളം പ്രമേഹത്തിന്റെ സ്വന്തം നാടെന്നാണ് അറിയപ്പെടുന്നത്. കേരളത്തിൽ അടുത്തയിടെ വൃക്കരോഗികളുടെ എണ്ണത്തിൽ ഉണ്ടായ വർധനയുടെ പ്രധാന കാരണം പ്രമേഹമാണ്. പ്രമേഹം ഉള്ളവരിൽ 40 ശതമാനത്തോളം പേർക്ക് 10 മുതൽ 15 വർഷം കഴിയുമ്പോൾ വൃക്കരോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടുവരുന്നു. ഡയബറ്റിക് നെഫ്രോപതി എന്നു വിളിക്കുന്ന ഈ രോഗാവസ്ഥയുടെ പ്രധാന ലക്ഷണം മൂത്രത്തിൽ ആൽബുമിന്റെ സാന്നിധ്യമാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് കൃത്യമായി നിയന്ത്രിക്കാത്തവർക്കാണ് വൃക്കരോഗം ഉണ്ടാകാനുള്ള സാധ്യത കൂടുതൽ. കൂടാതെ രക്താതിസമ്മർദം ഉള്ളവർക്കും പുകവലിക്കുന്നവർക്കും, പാരമ്പര്യമായി കുടുംബത്തിൽ ആർക്കെങ്കിലും പ്രമേഹത്തെത്തുടർന്നുള്ള വൃക്കരോഗം ഉണ്ടെങ്കിലും സാധ്യത കൂടുതലാണ്. എലിപ്പനി, മലേറിയ, മറ്റു രോഗാണുബാധകൾ തുടങ്ങിയവ താൽക്കാലിക വൃക്കസ്തംഭനം ഉണ്ടാക്കിയേക്കാം. എലിപ്പനി ഗുരുതരമാകുന്നതിന്റെയും മരണം സംഭവിക്കുന്നതിന്റെയും പ്രധാനകാരണം വൃക്ക തകരാറാണ്. വേദനസംഹാരി മരുന്നുകളുടെ അമിത ഉപയോഗവും ദുരുപയോഗവും വൃക്കസ്തംഭനത്തിന്റെ മറ്റൊരു പ്രധാന കാരണമാണ്. ആന്റിബയോട്ടിക്കുകൾ, അർബുദചികിത്സക്ക് ഉപയോഗിക്കുന്ന മരുന്നുകൾ, ലോഹാംശം അടങ്ങിയ ചില ഔഷധങ്ങൾ എന്നിവയുടെ ഉപയോഗവും താൽക്കാലികമായ വൃക്കസ്തംഭനത്തിന് ഇടയാക്കാം. പ്രമേഹം കൂടാതെ ഹൈപ്പർ ടെൻഷൻ, വൃക്കകളിലുണ്ടാകുന്ന കല്ലുകൾ, ഇടയ്ക്കിടെ ഉണ്ടാകുന്ന രോഗാണുബാധ, ചില പാരമ്പര്യതകരാറുകൾ എന്നിവ സ്ഥായിയായ വൃക്കസ്തംഭനത്തിന് കാരണമാകാം.

## ലക്ഷണങ്ങൾ

വൃക്കരോഗത്തിന്റെ ഏറ്റവും പ്രധാന ലക്ഷണം രാവിലെ എഴുന്നേൽക്കുമ്പോൾ മുഖത്തുണ്ടാകുന്ന നീരാണ്. പിന്നീട് കൈകാലുകളിലേക്കും നീര് വ്യാപിക്കുന്നു. നീരിനോടൊപ്പം മൂത്രത്തിന്റെ അളവ് കുറയുക, മൂത്രം ഒഴിക്കുമ്പോൾ പത കാണുക, ക്ഷീണം, വിശപ്പില്ലായ്മ, ഉയർന്ന രക്തസമ്മർദം തുടങ്ങിയവയും വൃക്കരോഗങ്ങളുടെ സാമാന്യലക്ഷണങ്ങളാണ്. വൃക്കസ്തംഭനത്തെത്തുടർന്ന് രക്തത്തിലെ ലവണങ്ങളുടെയും യൂറിയ, ക്രിയാറ്റിൻ തുടങ്ങിയ ഘടകങ്ങളുടെയും നില ഉയരുന്നു. ഇത് ഛർദിലിനും ഓക്കാനത്തിനും കാരണമാകാം. രോഗം ഗുരുതരാവസ്ഥയിലെത്തുമ്പോൾ ശ്വാസംമുട്ടൽ, അപസ്മാരം, ബോധക്ഷയം തുടങ്ങിയ ലക്ഷണങ്ങളും പ്രകടമാകും. എന്നാൽ, വൃക്കരോഗങ്ങൾ എപ്പോഴും രോഗലക്ഷണങ്ങൾ പ്രകടമാക്കണമെന്നില്ല. അവ തികച്ചും നിശ്ശബ്ദമായി നമ്മോടൊപ്പം കൂടിയെന്നുവരും. രോഗം ഗുരുതരാവസ്ഥയിൽ എത്തുമ്പോൾ മാത്രമാകും രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ഇവിടെയാണ് പ്രമേഹരോഗികളിലും മറ്റും പരിശോധനയുടെ പ്രസക്തി.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# പ്രവാചക ചര്യകളും മുസ്‌ലിംകളും

3

### രാത്രി നമസ്‌കാരം

വിശ്വാസികളുടെ ഗുണങ്ങളിലൊന്നാണ് രാത്രിയിലുള്ള സുന്നത്ത് നമസ്‌കാരം നിലനിർത്തുക എന്നത്. മുഹമ്മദ് നബിﷺക്ക് നിർബന്ധമായിരുന്നു രാത്രിയിലെ നമസ്‌കാരം. എന്നാൽ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അതിശ്രേഷ്ഠമായ സുന്നത്താണ് ഇത്.

അബൂഹുറയ്‌റ(റ) നിവേദനം; നബിﷺ ചോദിക്കപ്പെട്ടു: “നിർബന്ധ നമസ്‌കാരത്തിനുശേഷം ഏറ്റവും ശ്രേഷ്ഠമായ നമസ്‌കാരം ഏതാണ്? റമദാനിലെ നോമ്പിനുശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് ഏതാണ്?” നബിﷺ പറഞ്ഞു: “നിർബന്ധ നമസ്‌കാരങ്ങൾക്ക് ശേഷം ഏറ്റവും ശ്രേഷ്ഠമായ നമസ്‌കാരം രാത്രി നമസ്‌കാരവും, റമദാനിലെ നോമ്പിനുശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹർറത്തിലെ നോമ്പുമാണ്” (മുസ്‌ലിം).

രാത്രിയിലുള്ള സുന്നത്ത് നമസ്കാരം വ്യത്യസ്ത സമയങ്ങളിൽ നിർവഹിക്കുന്നതുകൊണ്ട് വിവിധ പേരുകളിൽ അറിയപ്പെടുന്നു.

1. ക്വിയാമുല്ലൈൽ: രാത്രിയിലെ സുന്നത്ത് നമസ്കാരത്തിന് പൊതുവായുള്ള പേര്.

2. വിത്റ്: രാത്രിയിലെ സുന്നത്ത് നമസ്കാരം ഒറ്റയാക്കി നിർവഹിക്കുന്നതിനാലാണ് ഈ പേര് പറയുന്നത്.

അതിന് നബിﷺയുടെ കൽപനയുള്ളതായി ഹദീഥുകളിൽ കാണാം. ഇമാം തിർമുദി റിപ്പോർട്ട് ചെയ്യുന്ന ഹദീഥ് കാണുക:

നബിﷺ പറഞ്ഞു: "തീർച്ചയായും അല്ലാഹു ഒറ്റയാണ് (ഏകനാണ്). അവൻ ഒറ്റയെ ഇഷ്ടപ്പെടുന്നു. അതിനാൽ ക്വുർആനിന്റെ ആളുകളേ, നിങ്ങൾ ഒറ്റയാക്കുവിൻ."

3. ക്വിയാമു റമദാൻ: രാത്രിയിലെ സുന്നത്ത് നമസ്കാരം റമദാനിലെ രാത്രിയിൽ നിർവഹിക്കുമ്പോൾ അതിന് ക്വിയാമുറമദാൻ എന്ന് പറയുന്നു.

4. തറാവീഹ്: റമദാനിലെ രാത്രി നമസ്കാരം രണ്ട് റക്അത്തുകളായി വിശ്രമിച്ചുകൊണ്ട് നമസ്കരിക്കുന്നതിനാണ് തറാവീഹ് എന്ന് പറയുന്നത്.

രാത്രിയിലെ സുന്നത്ത് നമസ്കാരത്തിന്റെ മുമ്പ് പ്രവാചകൻﷺ ദൈർഘ്യം കുറച്ച് രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ചിരുന്നതായി ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ വന്നതായി കാണാം. അറേബ്യൻ നാടുകളിൽ ഈ സുന്നത്ത് പ്രാബല്യത്തിലുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ഇത് പ്രചാരത്തിലില്ല. പ്രവാചക സുന്നത്തുകളെ പ്രമാണങ്ങളിൽനിന്ന് മനസ്സിലാക്കുകയും ജീവിതത്തിന്റെ ഭാഗമാക്കുകയും വേണം വിശ്വാസികൾ. ഈ ദൈർഘ്യം കുറച്ചുള്ള നമസ്കാരം പ്രവാചകൻﷺ നിർവഹിച്ചിരുന്നത് ശേഷമുള്ള നമസ്കാരത്തിന് ഉത്സാഹം ലഭിക്കാനാണെന്ന് പ്രസ്തുത ഹദീഥിന്റെ വ്യാഖ്യാനത്തിൽ കാണാം.

ആഇശ رضي الله عنها പറയുന്നു: "നബിﷺ രാത്രി എഴുന്നേറ്റാൽ ദൈർഘ്യം കുറച്ച് രണ്ട് റക്അത്ത് നമസ്കരിച്ചുകൊണ്ടായിരുന്നു രാത്രിനമസ്കാരം ആരംഭിച്ചിരുന്നത്" (മുസ്‌ലിം).

## ജുമുഅക്ക് ശേഷമുള്ള നാല് റക്അത്ത് നമസ്കാരം

ജുമുഅ വിശ്വാസിയുടെ ആഴ്ചതോറുമുള്ള ആഘോഷമാണ്. വെള്ളിയാഴ്ച ദിവസം പള്ളിയിൽ പോയി ജുമുഅയിൽ പങ്കെടുക്കുന്നവരും ഖുതുബ കേൾക്കുകയും ചെയ്യുന്നവരാണ് വിശ്വാസികൾ. യാത്രക്കാരനോ രോഗിയോ അല്ലാത്ത, പ്രായപൂർത്തിയും ബുദ്ധിയുമുള്ള എല്ലാ പുരുഷന്മാരും

> **രാത്രിയിലെ സുന്നത്ത് നമസ്കാരത്തിന്റെ മുമ്പ് പ്രവാചകൻല ദൈർഘ്യം കുറച്ച് രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ചിരുന്നതായി ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ വന്നതായി കാണാം. അറേബ്യൻ നാടുകളിൽ ഈ സുന്നത്ത് പ്രാബല്യത്തിലുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ഇത് പ്രചാരത്തിലില്ല. പ്രവാചക സുന്നത്തുകളെ പ്രമാണങ്ങളിൽനിന്ന് മനസ്സിലാക്കുകയും ജീവിതത്തിന്റെ ഭാഗമാക്കുകയും വേണം വിശ്വാസികൾ. ഈ ദൈർഘ്യം കുറച്ചുള്ള നമസ്കാരം പ്രവാചകൻﷺ നിർവഹിച്ചിരുന്നത് ശേഷമുള്ള നമസ്കാരത്തിന് ഉത്സാഹം ലഭിക്കാനാണെന്ന് പ്രസ്തുത ഹദീഥിന്റെ വ്യാഖ്യാനത്തിൽ കാണാം.**

വെള്ളിയാഴ്ച ദിവസം ജുമുഅയിൽ പങ്കെടുക്കൽ നിർബന്ധമാണ്.

ജുമുഅക്ക് ശേഷം നബിﷺ നാലു റക്അത്ത് സുന്നത്ത് നമസ്കരിച്ചിരുന്നതായി ഹദീഥുകളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

അബൂഹുറയ്റ رضي الله عنه നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങൾ ആരെങ്കിലും ജുമുഅ നമസ്കരിച്ചാൽ അവൻ ശേഷം നാലു റക്അത്ത് സുന്നത്ത് നമസ്കരിക്കട്ടെ" (മുസ്‌ലിം).

ജുമുഅക്ക് ശേഷം പള്ളിയിൽവെച്ചാണ് സുന്നത്ത് നമസ്കരിക്കുന്നതെങ്കിൽ നാല് റക്അത്തും നമസ്കാരശേഷം വീട്ടിലേക്ക് മടങ്ങി വീട്ടിൽവെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ രണ്ട് റക്അത്തും നമസ്കരിച്ചാൽ മതി.

അബ്ദുല്ലാഹ് ഇബ്നു ഉമർ رضي الله عنه നബിﷺയുടെ സുന്നത്ത് നമസ്കാരങ്ങളെ വിവരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "അവിടുന്ന് ജുമുഅ കഴിഞ്ഞാൽ പിരിഞ്ഞുപോകുന്നത് വരെ ഒന്നും നമസ്കരിക്കുമായിരുന്നില്ല. തന്റെ വീട്ടിൽവെച്ച് രണ്ട് റക്അത്ത് നമസ്കരിക്കുമായിരുന്നു" (മുസ്‌ലിം).

### ഭക്ഷണം നൽകിയവർക്കു വേണ്ടിയുള്ള പ്രാർഥന

നമ്മളെല്ലാം ജീവിതത്തിൽ പലപ്പോഴായി അതിഥികളോ ആതിഥേയരോ ആകാറുണ്ട്. അതിഥികൾക്കു വേണ്ടി നാം സമൃദ്ധമായ ഭക്ഷണം ഒരുക്കുന്നു. നാം അതിഥികളാകുമ്പോൾ നമുക്കും വിശിഷ്ടമായ ഭക്ഷണപാനീയങ്ങൾ ലഭിക്കാറുണ്ട്. ഇനി ഇതൊന്നുമല്ലെങ്കിലും ആരെങ്കിലുമൊക്കെയായി നമുക്കൊക്കെ ഭക്ഷണം വാങ്ങിത്തന്ന സന്ദർഭങ്ങളുണ്ടാവുമല്ലോ. ഇത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിന്റെ റസൂൽﷺ പഠിപ്പിച്ച ഒരു സുന്നത്താണ് തങ്ങൾക്ക് ഭക്ഷണം നൽകിയവർക്ക് വേണ്ടി പ്രാർഥിക്കുക എന്നത്. അത് ഇപ്രകാരമാണ്:

"അല്ലാഹുമ്മ അത്ഇം മൻ അത് അമനീ വഅസ്കി മൻ അസ്കാനീ (അല്ലാഹുവേ എന്നെ ഭക്ഷിപ്പിച്ചവരെ നീ ഭക്ഷിപ്പിക്കേണമേ, എന്നെ കുടിപ്പിച്ചവരെ നീ കുടിപ്പിക്കേണമേ)" (മുസ്‌ലിം).

### സേവനം ചെയ്യുക

ഇന്ന് മനുഷ്യർ പരസ്പരം അകന്ന് കഴിയുന്ന ഒരവസ്ഥ സംജാതമായിരിക്കുന്നു. തൊട്ടടുത്ത ഫ്ളാറ്റിലെ താമസക്കാരനെ പോലും പരിചയമില്ലാത്ത അവസ്ഥ. ഗ്രാമങ്ങളിലെ അയൽപക്ക ബന്ധങ്ങളും അങ്ങനെത്തന്നെ. എന്തിനേറെ, ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർ പോലും അത്യാവശ്യ കാര്യങ്ങൾക്കുവേണ്ടി മാത്രം ഒന്നു സംസാരിച്ചാലായി എന്നതിനപ്പുറം ആത്മാർഥ സൗഹൃദം ഇല്ലാത്ത കാലം.

എന്നാൽ വളരെ വിരളമായി ചിലർ സമൂഹത്തിൽ ഇന്നും പഴയകാല നന്മകളെ കരുതലോടെ കാത്തുസൂക്ഷിക്കുന്നുണ്ട്; അപരന്റെ പ്രയാസങ്ങളെ മനസ്സിലാക്കി വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നവർ. രോഗികൾ, നിർധനർ, നിരാലംബർ... അങ്ങനെ സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്ക് സാന്ത്വനമേകുന്നവർ.

ജാബിർ ഇബ്നു അബ്ദുല്ലرضي الله عنه നിവേദനം, നബിﷺ പറഞ്ഞു: "ആർക്കെങ്കിലും തന്റെ സഹോദരനെ സഹായിക്കാൻ സാധിക്കുമെങ്കിൽ അതവൻ ചെയ്യട്ടെ" (മുസ്‌ലിം). ഈ വിഷയത്തിൽ ഒട്ടേറെ നബിവചനങ്ങൾ കാണാവുന്നതാണ്.

### വഴിയാത്രക്കാരന്റെ അവകാശം

യാത്രയിൽ ധാരാളമായി കാണാവുന്ന ഒരു കാഴ്ചയാണ് റോഡരികിൽ സ്ഥാപിച്ചിട്ടുള്ള ബസ് വെയിറ്റിംഗ് ഷെഡുകളും അതല്ലെങ്കിൽ താൽകാലികമായി കെട്ടിയുണ്ടാക്കിയ ചെറിയ ഇരിപ്പിടങ്ങളും അതിൽ ചടഞ്ഞിരിക്കുന്ന യുവാക്കളും കൗമാരക്കാരും. അവരുടെ മുമ്പിലൂടെ ബൈക്കിലോ, കാറിലോ, ബസ്സിലോ മറ്റു വാഹനങ്ങളിലോ നടന്നോ പോകുന്നവരെയെല്ലാം അവർ നോക്കുകയും ചിലരെ കാണുമ്പോൾ പരിഹസിക്കുകയും ചെയ്യും. പരിചയമുള്ളവരെയാണ് കാണുന്നതെങ്കിൽ അവരുടെ ന്യൂനതകൾ പറഞ്ഞും അവരുടെ ജീവിത ചരിത്രം ചികഞ്ഞും മറ്റുമൊക്കെയായി സമയമേറെ ചെലവഴിക്കുന്നവർ. പെൺകുട്ടികളെ കാണുമ്പോൾ കമന്റടിക്കാനും മറക്കില്ല. വഴിയറിയാത്ത യാത്രക്കാർ വഴി ചോദിക്കുന്ന സന്ദർഭത്തിൽ തെറ്റായ വഴി പറഞ്ഞുകൊടുത്ത് അതിൽ ആനന്ദം കണ്ടെത്തുന്നവരും ഉണ്ട്.

വഴിയോരങ്ങളിൽ ഇരിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് നബിﷺ നമ്മെ പഠിപ്പിക്കുന്നുണ്ട്. അബൂസഈദിൽ ഖുദ്‌രിرضي الله عنه നിവേദനം, അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'വഴിയോരങ്ങളിൽ ഇരിക്കുന്നതിനെ നിങ്ങൾ സൂക്ഷിക്കുക.' അവർ പറയുകയുണ്ടായി: 'ഞങ്ങൾക്കങ്ങനെ ഇരിക്കൽ അനിവാര്യമാണല്ലോ. വാർത്തകളും മറ്റും സംസാരിച്ചിരിക്കുവാനുള്ള ഞങ്ങളുടെ സദസ്സുകളാണല്ലോ വഴികൾ.' അപ്പോൾ റസൂൽﷺ പറയുകയുണ്ടായി: 'നിങ്ങൾ വിസമ്മതിക്കുകയാണെങ്കിൽ, വഴിയുടെ അവകാശങ്ങൾ നിങ്ങൾ വകവെച്ച് കൊടുക്കുക.' അവർ ചോദിച്ചു: 'എന്താണ് വഴിയുടെ അവകാശങ്ങൾ?' റസൂൽﷺ പറഞ്ഞു: 'ദൃഷ്ടികൾ താഴ്ത്തുക, ഉപദ്രവങ്ങൾ തടയുക, സലാം മടക്കുക, നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക' (ബുഖാരി, മുസ്‌ലിം).



### വീട്ടിൽവെച്ച് സുന്നത്ത് നമസ്കരിക്കുക

നിർബന്ധ നമസ്കാരം പുരുഷന്മാർ പള്ളികളിൽ വെച്ച് ജമാഅത്തായാണ് നിർവഹിക്കേണ്ടത്. നിർബന്ധ നമസ്കാരങ്ങൾക്ക് മുമ്പും ശേഷവുമായി ഐച്ഛികമായ നമസ്കാരങ്ങളുമുണ്ട്. അവ റവാതിബ് സുന്നത്തുകൾ എന്ന പേരിൽ അറിയപ്പെടുന്നു. അഞ്ചുനേരവും ജമാഅത്ത് നമസ്കാരത്തിന് നേതൃത്വം നൽകിയിരുന്ന (ഇമാം നിൽക്കുക) അല്ലാഹുവിന്റെ പ്രവാചകൻﷺ റവാതിബ് സുന്നത്തുകളും രാത്രി നമസ്കാരവും (ക്വിയാമുല്ലൈൽ) വീട്ടിൽവെച്ചായിരുന്നു നമസ്കരിച്ചിരുന്നത്.

സൈദ് ഇബ്നു ഥാബിത്ﷺ നിവേദനം, നബിﷺ പറഞ്ഞു: "ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ വീടുകളിൽവെച്ച് നമസ്കരിക്കുക. നിശ്ചയം ഒരു മനുഷ്യന്റെ നമസ്കാരങ്ങളിൽ നിർബന്ധ നമസ്കാരമല്ലാത്തത് അവന്റെ വീട്ടിൽവെച്ച് നമസ്കരിക്കലാണ് ഏറ്റവും ശ്രേഷ്ഠമായത്" (ബുഖാരി, മുസ്‌ലിം).

എന്നാൽ, പെരുന്നാൾ നമസ്കാരം ഈദ്ഗാഹിൽവെച്ചും ഗ്രഹണ നമസ്കാരം, റമദാനിൽ നിർവഹിക്കുന്ന രാത്രി നമസ്കാരം (തറാവീഹ്) എന്നിവ പള്ളിയിൽവെച്ചും, മഴയെതേടിയുള്ള നമസ്കാരം പൊതുസ്ഥലത്തുവെച്ചുമാണ് നിർവഹിക്കേണ്ടത്.

ജമാഅത്ത് നമസ്കാരങ്ങളിൽ പങ്കെടുക്കുന്നവർ റവാതിബ് സുന്നത്തും പള്ളിയിൽ നിന്നുതന്നെ നിർവഹിച്ച് വീട്ടിലേക്ക് മടങ്ങുന്നതയാണ് പൊതുവെ കാണപ്പെടുന്നത്. അത് വീട്ടിൽവെച്ച് ചെയ്യലാണ് ഉത്തമം എന്ന് അറിയാത്തവരും വീട്ടിലെത്തിയാൽ മറ്റുജോലികളിൽ മുഴുകിയോ മറ്റോ മറന്നുപോയേക്കാം എന്നു ഭയക്കുന്നവരുമൊക്കെയാണ് അങ്ങനെ ചെയ്യുന്നത്.

ഇബ്നു ഉമർﷺ നിവേദനം, അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: "നിങ്ങളുടെ നമസ്കാരങ്ങളിൽ നിന്ന് ചിലത് (സുന്നത്തുകൾ) നിങ്ങൾ നിങ്ങളുടെ വീടുകളിൽ വെച്ച് നിർവഹിക്കുക. അതിനെ (വീടിനെ) നിങ്ങൾ ഖബറിടങ്ങളാക്കരുത്" (ബുഖാരി, മുസ്‌ലിം).

നമ്മുടെ വീടുകൾ ഈമാനികമായ ഉണർവുള്ള വീടുകളായിരിക്കണം. ക്വുർആൻ പാരായണം കൊണ്ടും സുന്നത്ത് നമസ്കാരങ്ങൾ കൊണ്ടും നമ്മുടെ വീടുകൾ സജീവമാകണം. ജമാഅത്ത് നമസ്കാരം നിർവഹിച്ച് കഴിഞ്ഞാൽ വീട്ടിലേക്ക് മടങ്ങുന്നവരാണെങ്കിൽ റവാതിബ് സുന്നത്തുകൾ വീട്ടിൽവെച്ച് നിർവഹിക്കാൻ സന്നദ്ധമാവുക.

### സ്വഫ്ഫ് ശരിയാക്കൽ

ജമാഅത്ത് നമസ്കാരത്തിന് വേണ്ടി നിൽക്കുമ്പോൾ പരസ്പരം തോളുരുമ്മിയും കാലുകൾ തമ്മിൽ ചേർത്തുവെച്ച് വരി വളയാതെയും സ്വഫ്ഫ് (അണി) പൂർത്തിയാക്കി നിൽക്കാനാണ് റസൂലിന്റെ നിർദേശം. സ്വഹാബത്ത് അക്കാര്യത്തിൽ വളരെയധികം ശ്രദ്ധിച്ചിരുന്നു.

ദൗർഭാഗ്യകരമെന്നു പറയട്ടെ, നമ്മുടെ നാട്ടിൽ ഇക്കാര്യത്തിൽ അലംബാവം പുലർത്തുന്നവരാണ് അധികവും. അങ്ങനെയൊന്നും നിൽക്കേണ്ടതില്ലെന്ന പിടിവാശിക്കാരുമാണ് പലരും. സംഘടനാ സങ്കുചിതത്വം കാരണമോ, പ്രവാചകവചനങ്ങളെ അത്ര പരിഗണിക്കേണ്ടതില്ല എന്ന നിഷേധചിന്തയാലോ ആണ് ഇവർ ഈ നിലപാടെടുക്കുന്നത്.

അനസ്ﷺ പറയുന്നു: "നമസ്കാരത്തിനായി ഇക്വാമത്ത് വിളിക്കപ്പെട്ടു. അന്നേരം നബിﷺ ഞങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ (അണികൾ) നേരെയാക്കുകയും അടുത്തടുത്ത് നിൽക്കുകയും ചെയ്യുക. ഞാൻ എന്റെ പുറകിലൂടെ നിങ്ങളെ കാണുന്നുണ്ട്" (ബുഖാരി).

സ്വഫ്ഫിലുള്ളവർ അകന്നുനിൽക്കുമ്പോൾ സംഭവിക്കുന്നതെന്താണ്? അല്ലാഹുവിന്റെ റസൂൽﷺ പറയുന്നത് കാണുക:


നുഅ്മാനു ബ്നുബശീർﷺ പറയുന്നു: "നബിﷺ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ ശരിപ്പെടുത്തുക. അല്ലാത്തപക്ഷം നിങ്ങൾക്കിടയിൽ അല്ലാഹു ഭിന്നിപ്പുണ്ടാക്കുന്നതായിരിക്കും" (ബുഖാരി).

അറേബ്യൻ നാടുകളിൽ ജുമുഅ, ജമാഅത്ത് നമസ്കാരങ്ങൾക്ക് നേതൃത്വം നൽകുന്ന ഇമാം നമസ്കാരം ആരംഭിക്കുന്നതിന് മുമ്പായി ആളുകളോട് സ്വഫ്ഫുകൾ ശരിയാക്കി നിൽക്കാൻ പറയാറുണ്ട്. അപ്രകാരം പറയാതെ ഒരു നമസ്കാരംപോലും അവർ നിർവഹിക്കാറുമില്ല. ഇതിന്റെ പ്രാധാന്യം നമ്മളും മനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതുണ്ട്.

**(അവസാനിച്ചില്ല)**

സജ്ജാദ് ബിൻ അബ്ദുറസാക്
binabdurazack@gmail.com

ലേഖനം




# ഖൈറുദ്ദീന്റെ മകൻ സൂഫിയല്ല!

മൗലാനാ അബുൽകലാം ആസാദിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസ ദിനമായിട്ടാണ് ആചരിച്ചുവരാറുള്ളത്. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി ആരെന്ന് ചോദിച്ചാൽ ശങ്കിച്ച് നിൽക്കാതെ മൗലാനാ അബുൽ കലാം ആസാദ് എന്ന് കാലങ്ങളായി ഉത്തരമെഴുതി പോന്നവരാണ് നമ്മൾ. പലപ്പോഴും ഇതിനപ്പുറത്തേക്ക് വിശാലമായ രൂപത്തിൽ മൗലാനാ ആസാദിനെ വായിക്കാൻ ശ്രമിച്ചവരല്ല ഞാനടക്കം പലരും.

ആസാദിനെ കുറിച്ച് ഡോ.എം ലീലാവതി എഴുതിയ ഒരു പുസ്തകം വായിക്കാൻ അവസരം കിട്ടിയത് ഈയടുത്താണ്. അവസാനത്തെ പേജും പൂർത്തിയാക്കുമ്പോൾ അർഥശങ്കക്കിടയില്ലാത്തവിധം ബോധ്യപ്പെട്ട ഒരു കാര്യമുണ്ട്; സമകാലിക സാഹചര്യത്തിൽ പുതുതലമുറക്കിടയിൽ വിശാലമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു മഹത്തായ വ്യക്തിത്വത്തിന്റെ ഉടമയാണ് അ

സാദ് എന്ന്! തുടർന്നങ്ങോട്ട് ആസാദിനെ കുറിച്ച് രചിക്കപ്പെട്ട ചില രചനകളും ലേഖനങ്ങളും വീഡിയോകളും കാണാനും വായിക്കാനും താൽപര്യം തോന്നി.

ഈ ലേഖനത്തിന് 'ഖൈറുദ്ദീന്റെ മകൻ സൂഫിയല്ല' എന്ന തലക്കെട്ട് സ്വീകരിക്കാൻ കൃത്യമായ ചില കാരണങ്ങളുണ്ട്. പലപ്പോഴും ആസാദിനെ ഒരു സൂഫി മുസ്‌ലിമാക്കി ചിത്രീകരിക്കാൻ ചില എഴുത്തുകാരും ബുദ്ധിജീവികളും നിരന്തരമായി ശ്രമിക്കാറുണ്ട്. അതിന്റെ പിന്നിൽ അവർക്ക് കൃത്യമായ ചില ലക്ഷ്യങ്ങളുമുണ്ട്.

സൂഫി, സലഫി വിഷയങ്ങൾ കാലങ്ങളായി ഇന്ത്യയിൽ ചർച്ചചെയ്യപ്പെട്ടുവരുന്നതാണ്. കേരളത്തിൽ ഇത്തരത്തിൽ ചില ചർച്ചകൾക്ക് മരുന്നിടുന്ന ചില ആളുകളുണ്ട്. അവർ പലപ്പോഴും ചോദിക്കുന്ന ചോദ്യമാണ് നിങ്ങൾക്ക് ആസാദിനെപോലെ ഒരു സൂഫി ഇസ്‌ലാമിനെ സ്വീകരിച്ചുകൂടേ എന്നത്! ആസാദ് ഒരു സൂഫി ആശയക്കാരനാണ് എന്ന നിലയ്ക്ക് തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ള ഒരു ചോദ്യമാണിത്. എന്തുകൊണ്ടാണ് ഇങ്ങനെയൊരു ശ്രമം ഇക്കൂട്ടർ നടത്തുന്നതെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

സൂഫി ചിന്താധാരയെ വായിക്കാൻ ശ്രമിച്ചവർക്കറിയാം പരിശുദ്ധ ക്വുർആനിന്റെയും നബിﷺയുടെ സുന്നത്തിന്റെയും ചട്ടക്കൂടിൽ ഒതുങ്ങിനിൽക്കാതെ, വളരെ സ്വതന്ത്രമായി ഓരോ കാലഘട്ടത്തിലും രൂപപ്പെട്ടുവന്ന ഫിലോസഫിക്കലായ വികാസങ്ങളെ സ്വാംശീകരിച്ച്, വളരെ 'ലിബറലായി,' ഇസ്‌ലാമിനെ കാലോചിതമായി ഓരോ പ്രദേശത്തിനുമനുസരിച്ച് വ്യാഖ്യാനിക്കുകയും പുനർനിർമിക്കുകയും ചെയ്യുന്നവരാണ് സൂഫികൾ എന്ന്. അതിനാൽത്തന്നെ ആധുനികതയോടോ ദേശരാഷ്ട്ര സംവിധാനങ്ങളോടോ അവിടങ്ങളിലെല്ലാം നിലനിൽക്കുന്ന ഏതുതരം ഭരണസംവിധാനങ്ങളോടുമോ സഹകരിച്ച് മുന്നോട്ട് പോകുവാൻ സൂഫികൾക്ക് യാതൊരു പ്രയാസവുമില്ല.

അതേസമയം സലഫികൾക്ക് ഇതിനോടെല്ലാം എതിർപ്പാണ് എന്ന പ്രചാരണവും ചിലർ കൊണ്ടുപിടിച്ചു നടത്തുന്നുണ്ട്. സലഫികൾ എപ്പോഴും ക്വുർആനിനെയും ഹദീഥിനെയും മാത്രം അവലംബിച്ച്, അതിന്റെ ചട്ടക്കൂടുകളിൽ ഒതുങ്ങി ഒരു 'സ്ക്രിപ്റ്റ് കൾച്ചറൽ' വിഭാഗമായി ജീവിക്കുന്നവരാണ് എന്നും കാലോചിതമായി മാറ്റങ്ങളും പരിഷ്‌കരണങ്ങളും ഒന്നുംതന്നെ അവർക്ക് ഉൾകൊള്ളുക സാധ്യമല്ല എന്നുമുള്ള തരത്തിൽ ഒരു പൊതുബോധം ഇവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

ഇന്ത്യയിലെ ഇസ്‌ലാമിന്റെ പൈതൃകം എന്നത് ഒരു സൂഫി പൈതൃകമാണ് എന്നും ആ പൈതൃകമാണ് ഇന്ത്യയിലെ മുസ്‌ലിംകളെ ഇവിടുത്തെ ബഹുസ്വരതയുമായി ചേർന്നുനിൽക്കാൻ പ്രാപ്തരാക്കിയത് എന്നുമാണ് ചില ചാനൽ ചർച്ചകളിൽ വന്ന് മോഡീ കോട്ടിട്ട ചില 'ഏമാന്മാർ' പറഞ്ഞുവെക്കാറുള്ളത്.

ഒരു കാലത്ത് ഇന്ത്യയിലേക്ക് 'ഇറക്കുമതി' ചെയ്യപ്പെട്ട 'സലഫി ഇസ്‌ലാമി'ന്റെ ചിന്തകളാണ് ഇന്ത്യയിൽ ഭീകര പ്രസ്ഥാനങ്ങൾ രൂപംകൊള്ളാനുള്ള കാരണം എന്നാണ് ഇത്തരത്തിലുള്ള വിമർശകരുടെ വിധിതീർപ്പ്!

ഇവിടെയാണ് മുംബൈകാരാനായ മഹ്മൂദ് മംമ്ദാനി 2005ൽ പ്രസിദ്ധീകരിച്ച തന്റെ 'ഗുഡ് മുസ്‌ലിം ബാഡ് മുസ്‌ലിം' എന്ന പുസ്തകത്തിന്റെ അകക്കാമ്പിന്റെ പ്രസക്തി നമുക്ക് കൂടുതൽ കൂടുതൽ ബോധ്യമായിക്കൊണ്ടിരിക്കുന്നത്.

മുസ്‌ലിം ലോകവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ചില മാധ്യമങ്ങളും ബുദ്ധിജീവികളും മൊത്തത്തിൽ മുസ്‌ലിംകളെക്കുറിച്ച് ചില ധാരണകൾ പങ്കുവയ്ക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് ഇന്ത്യയിലുണ്ട്.

ക്വുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുന്ന മുസ്‌ലിംകളെല്ലാം 'ബാഡ് മുസ്‌ലിംകളും' മതം വ്യക്തിജീവിതത്തിലും നാല് ചുമരുകൾകൾക്കുള്ളിലും ആരാധനാ കേന്ദ്രങ്ങളിലും മാത്രമായി ഒതുക്കുന്ന 'സെക്കുലർ' മുസ്‌ലിംകൾ 'ഗുഡ് മുസ്‌ലിംകളും' എന്ന തരത്തിലുള്ള ഒരു വേർതിരിവാണല്ലോ ആധുനിക മീഡിയ ഇവിടെ ഉണ്ടാക്കി വച്ചിട്ടുള്ളത്.

മഹ്മൂദ് മംദാനിയുടെ ദീർഘവീക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകൂട്ടലുകൾ എത്രമാത്രം ശരിയാണ് എന്ന് ബോധ്യമാവുകയാണ് 2021കളിൽ എത്തിനിൽക്കുമ്പോഴും നിലനിൽക്കുന്ന സൂഫി ഇസ്‌ലാം-സലഫി ഇസ്‌ലാം ചർച്ചകൾ കൊഴുക്കുമ്പോൾ നമുക്ക് മനസ്സിലാവുന്നത്.

യഥാർഥത്തിൽ നമ്മൾ ഇവിടെ മനസ്സിലാക്കിയിരിക്കേണ്ട ചില വസ്തുതകളുണ്ട്. വിമർശകർ വാദിക്കും പോലെ ആസാദ് ഒരു സൂഫി മുസ്‌ലിമായിരുന്നോ? അല്ലെങ്കിൽ പിന്നെ എന്തുകൊണ്ട് അങ്ങനെ പറയപ്പെടുന്നു?

1888 നവംബർ 11ന് മക്കയിൽ മൗലാന ഖൈറുദ്ദീന്റെ മകനായി ജനിച്ച മൗലാന അബുൽ കലാം ആസാദ് ചെറുപ്പം മുതലേ കവിതയോട് അങ്ങേയറ്റത്തെ താൽപര്യമുള്ള ഒരാളായിരുന്നു. കുടുംബം ഒരു ത്വരീക്വത്ത് ആത്മീയ ചിന്താധാരയും അത്തരത്തിലുള്ള ഒരു അന്തരീക്ഷവും നിലനിൽക്കുന്നതു കൊണ്ട്തന്നെ ആദ്യകാലത്ത് പിതാവിന്റെ ആശയവലയത്തിൽപെട്ട് ആസാദ് ഒരുപാട് വലഞ്ഞു. സലഫീ ആദർശ ധാരയിലേക്ക് ആസാദ് പോയിപ്പോകുമോ എന്ന ഒരു പേടിയും പിതാവ് ഖൈറുദ്ദീനുണ്ടായിരുന്നു.

ആസാദ് ഒരു സൂഫിയായി ചിത്രീകരിക്കപ്പെടാനുള്ള ഒരു സാധ്യത ഒരു പക്ഷേ, ഇതായിരിക്കാം. ആസാദ് സൂഫി മുസ്‌ലിമാണ് എന്ന് പറയപ്പെടാനുള്ള മറ്റൊരു പ്രധാന സാധ്യത ഒരുപക്ഷേ ഇതുമാവാം. ആസാദ് തന്റെ രചനകളിൽ സൂഫി ചിന്തകൾ ഉള്ളിൽ കയറിയ സർമദിനെയും ധാരാശകോവിനെയും അനുസ്മരിച്ച് എഴുതാറുണ്ടായിരുന്നു. ചിലപ്പോൾ അതായിരിക്കാം ആസാദ് ഒരു സൂഫിയാണ് എന്ന് പറയാനുള്ള കാരണം. പക്ഷേ, ഇതെല്ലാം ആസാദ് നിർവഹിച്ചത് 1910കൾക്ക് മുമ്പാണ് എന്നുകൂടി ഓർക്കണം.

എന്നാൽ പക്വതയും വിവരവും വെളിപ്പെട്ട് തുടങ്ങിയപ്പോൾ അദ്ദേഹം സൂഫിചിന്താധാരകളുടെ അപകടം മനസ്സിലാക്കി അത് ഉപേക്ഷിക്കുന്നുണ്ട് എന്ന് ചരിത്രം വായിച്ചാൽ ആർക്കും വ്യക്തമാണ്. സർ സയ്യിദ് അഹ്മദ് ഖാനുമായുള്ള കൂട്ടുകെട്ടാണ് സലഫി ആശയധാരയിലേക്ക് ആസാദിന് കടന്നുവരാൻ പ്രചോദനമായത്. അക്കാര്യം വഴിയെ വിശദീകരിക്കാം.

സയ്യിദ് അബുൽകലാം ഗുലാം മുഹ്‌യുദ്ദീൻ അഹ്മദ് ബിൻ ഖൈറുദ്ദീൻ അൽഹുസൈനി എന്നാണ് ആസാദിന്റെ മുഴുവൻ പേര്. ആസാദ് എന്നത് അദ്ദേഹത്തിന്റെ തൂലികാനാമമാണ്.

'സ്വാതന്ത്ര്യം' എന്നാണ് 'ആസാദ്' എന്ന വാക്കിന്റെ അർഥം തന്നെ, ഇത്തരത്തിൽ ഒരു തൂലികാനാമം അദ്ദേഹം സ്വീകരിക്കാനുള്ള കാരണം അടിമത്ത ചിന്തകളോടുള്ള വെറുപ്പും സ്വതന്ത്ര ചിന്തകളോടുള്ള താൽപര്യവുമാണ്.

തിരക്കുപിടിച്ച തന്റെ രാഷ്ട്രീയ ജീവിതത്തിനിടയിലും വായനക്കും എഴുത്തിനും അദ്ദേഹം സമയം കാണാതിരുന്നിട്ടില്ല. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ഭീകരതക്കെതിരെ പോരാടിയതിന്റെ പേരിൽ ഒരു പക്ഷേ, ആസാദ് പുറത്ത് കഴിഞ്ഞതിനെക്കാൾ കൂടുതൽ ജയിലറകൾക്കുള്ളിലായിരിക്കും കഴിഞ്ഞിട്ടുണ്ടാവുക.

ചെറിയ പ്രായത്തിൽതന്നെ വൈവാഹിക ജീവിതത്തിലേക്ക് കാലെടുത്തുവെച്ച ആസാദിന് ഏറെ കാലമൊന്നും തന്നെ സഹധർമിണി സുലേഖ ബീഗത്തിന്റെ കൂടെ ജീവിക്കുവാൻ കഴിഞ്ഞിട്ടില്ല. പലപ്പോഴും ജയിൽവാസം അനുഭവിക്കേണ്ടിവന്നതിനാലും സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്ക് വേണ്ടി മനസ്സും ശരീരവും ഉപയോഗിക്കേണ്ടി വന്നതിനാലുമാണത്.

എങ്കിലും ആസാദിന് ഹസീൻ എന്ന് പേരുള്ള ഒരു മകനുണ്ടായിരിന്നു. പക്ഷേ, നാലുവർഷത്തെ ആയുസ്സേ അല്ലാഹു അവന് നിശ്ചയിച്ചിട്ടുണ്ടായിരുന്നുള്ളു. ഭർത്താവിന്റെ അഭാവവും കുഞ്ഞിന്റെ മരണവും ഭാര്യ സുലേഖ ബീഗത്തിനെ ഒരു രോഗിയാക്കി മാറ്റി.

ഓരോവിഷയത്തിലും നല്ല ദീർഘവീക്ഷണവും ഉൾക്കാഴ്ചയുമുള്ള ആസാദിന് മുസ്‌ലിംകളുടെ പുരോഗതിക്കുവേണ്ടി സമുദായത്തിൽ വരേണ്ട മാറ്റങ്ങളെക്കുറിച്ചും നല്ല ധാരണയുണ്ടായിരുന്നു. അങ്ങനെയാണ് 1903ൽ ആസാദ് 'ലിസാനുസ്വിദ്ക്' എന്ന് പേരുള്ള തന്റെ ആദ്യത്തെ മാസിക ആരംഭിക്കുന്നത്.

1906ൽ 'വക്കീൽ' എന്ന മാസികയുടെ പത്രാധിപത്യം ഏറ്റെടുക്കാൻവേണ്ടി ഡൽഹിയിലേക്ക് പോകുമ്പോഴാണ് ഉപ്പയുടെ നിർദേശപ്രകാരം കൊൽക്കത്തയിലേക്ക് യാത്ര തിരിച്ചുവിടേണ്ടിവന്നത്; കൊൽക്കത്തയിലെ 'ദാറുസുൽത്താന' എന്ന മാസികയുടെ ഓഫീസിൽ പത്രാധിപത്യം ഏറ്റെടുത്ത് പ്രവർത്തിക്കാൻ. പക്ഷേ, മുസ്‌ലിം സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി ആസാദ് കണ്ട നിലപാടുകൾക്ക് വിരുദ്ധമായിട്ടാണ് അവരുടെ നിലപാടുകൾ എന്ന് മനസ്സിലാക്കിയപ്പോൾ ആസാദ് അവിടുന്ന് കുറഞ്ഞ കാലം കൊണ്ടുതന്നെ പടിയിറങ്ങി.

അക്കാലഘട്ടത്തിൽ ഉടലെടുത്ത 'മുസ്‌ലിംകൾക്ക് സ്വന്തമായി ഒരു രാഷ്ട്രം' എന്ന വാദത്തോട് ഒരു നിലക്കും രാജിയാവാത്ത ആളായിരുന്നു ആസാദ്. ആസാദ് എഴുതിയതും പ്രസംഗിച്ചതുമെല്ലാം ആ രൂപത്തിൽ തന്നെയാണ്.

'മുസ്‌ലിംകൾ ഈ ഭാരതത്തിന്റെ തന്നെ ഭാഗമാണ്. അതിനാൽ മുസ്‌ലിംകളുടെ നിലനിൽപ് ഭാരതത്തിന്റെ തന്നെ നിലനിൽപുമായി ബന്ധപ്പെട്ട്

കിടക്കുന്നു'-ഇത് ആസാദിന്റെ വാക്കുകളാണ്!

മുസ്‌ലിംകൾക്ക് ഒരു രാഷ്ട്രം എന്ന അവസ്ഥ കടന്നുവന്നാൽ അത് അവസാന നാളുവരെ ഹിന്ദു-മുസ്‌ലിം പ്രശ്നങ്ങൾക്ക് കാരണമാവും എന്ന് കൃത്യമായ മനസ്സിലാക്കിയ ഒരാളായിരുന്നു ആസാദ്. അദ്ദേഹത്തിന്റെ ഒരു പ്രസ്താവന കാണുക:

"കുത്തബ് മിനാറിന്റെ മുകളിൽ ഒരു മാലാഖ വന്നിരുന്ന് എന്നോട് 'ഹിന്ദു-മുസ്‌ലിം ഐക്യം എന്ന ആശയം താങ്കൾ ഉപേക്ഷിച്ചാൽ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ ഇന്ത്യയെ ഒരു പൂർണ സ്വരാജാക്കി മാറ്റിത്തരാം' എന്ന് പറഞ്ഞാൽ ഞാൻ തിരിച്ചടിക്കും. ഇന്ത്യ പൂർണ സ്വരാജായില്ല എങ്കിൽ അത് ഇന്ത്യയുടെ മാത്രം പ്രശ്നമാണ്. എന്നാൽ ഹിന്ദു-മുസ്‌ലിം ഐക്യം തകരുക എന്നത് ലോകത്തിന്റെതന്നെ പ്രശ്നമാണ്" ('മൗലാന അബുൽ കലാം ആസാദ്,' ഡോ.എം ലീലാവതി, പേജ്: 24,25).

ആസാദ് എന്ന മതബോധമുള്ള ഒരു രാഷ്ട്രീയ നേതാവിന് ഈ ഭാരത മണ്ണിനോട് എത്രത്തോളം കൂറുണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ ഈ ഒരു ഉദ്ധരണിതന്നെ ധാരാളമാണ്. മൗനംകൊണ്ട് വിഭജനത്തെ അംഗീകരിക്കുകയായിരുന്നു ആസാദ് എന്നെഴുതിയ ആചാര്യ കൃപാലാനി തന്റെ 'ഗാന്ധി: ജീവിതവും ചിന്തയും' എന്ന പുസ്തകത്തിൽ അങ്ങനെ എഴുതിച്ചേർത്തത് യഥാർഥത്തിൽ കണ്ണടച്ച് ഇരുട്ടാക്കുന്നതിന് തുല്യമാണ്. കാരണം ഒരുഭാഗത്ത് ജിന്നയുടെ നേതൃത്വത്തിലുള്ള ലീഗ് ശക്തിപ്പെട്ട് തങ്ങളുടെ അജണ്ടകളിലേക്ക് നീങ്ങുമ്പോൾ മറുവശത്ത് അതിനെ ചെറുക്കാൻവേണ്ടി മാത്രം കോൺഗ്രസിൽ പ്രവർത്തിക്കുന്നതിന്റെ കൂടെത്തന്നെ ആസാദ് രൂപം നൽകിയ പാർട്ടിയായിരുന്നു നാഷണലിസ്റ്റ് മുസ്‌ലിം പാർട്ടി. എന്നിട്ടും ആ ആസാദിനെ ചിലരെങ്കിലും വിഭജനത്തിന്റെ അണിയറ ശിൽപിയായി ക്രൂശിക്കാൻ നോക്കുന്നു!

ആസാദ് മാത്രമല്ല, വിഭജനം ഒരു നിലയ്ക്കും നടക്കരുത് എന്ന് ആത്മാർഥമായി ആഗ്രഹിച്ചവർ തന്നെയാണ് ഗാന്ധിയും നെഹ്റുവും മോത്തിലാൽ നെഹ്റുവും സി. ആർ ദാസും മൗലാന മുഹമ്മദലി ജൗഹറും മൗലാന ഷൗക്കത്തലിയുമെല്ലാം.

വിദ്യാഭ്യാസരംഗത്തെ പുരോഗതിക്ക് വേണ്ടിയും മുസ്‌ലിം സമൂഹത്തിന്റെ കാലോചിതമായ വളർച്ചക്ക് വേണ്ടിയും തന്റെ ആശയങ്ങൾ പ്രചരിപ്പിക്കാൻ അദ്ദേഹം തുടങ്ങിവെച്ച പത്രമാണ് 'അൽ ഹിലാൽ'.

ഒന്നാം ലോക മഹായുദ്ധം നടക്കുന്ന കാലത്ത് ആസാദിന്റെ 'അൽഹിലാലി'ലെ സന്ദേശങ്ങളും മറ്റും തങ്ങളുടെ അജണ്ടകൾക്ക് കോട്ടം തട്ടിക്കുമെന്ന് മനസ്സിലാക്കിയ ബ്രിട്ടീഷുകാർ അൽഹിലാൽ നിർത്തിച്ചു. എന്നാൽ അതിനുശേഷം 1916ൽ ആസാദ് തന്റെ 'അൽ ബലാഗ' എന്ന പുതിയ പത്രം ആരംഭിച്ചു. അതും നിർത്തിച്ചപ്പോൾ 'പൈഗാൻ' (സന്ദേശം) എന്ന പേരിൽ ഒന്ന്കൂടി അദ്ദേഹം തുടങ്ങി. നമ്മുടെ ചർച്ചാവിഷയം അതല്ലാത്തതിനാൽ അതിലേക്ക് കൂടുതൽ പ്രവേശിക്കുന്നില്ല.

സൂഫി ചിന്താധാരയിൽനിന്ന് സലഫി ചിന്താധാരയിലേക്ക് കടന്നുവരാൻ ആസാദിന് പ്രചോദനമായത് സർ സയ്യിദ് അഹ്മദ്ഖാനുമായ തന്റെ ബന്ധമാണ് എന്ന് മുകളിൽ സൂചിപ്പിച്ചല്ലോ. സർ സയ്യിദ് അഹ്മദ് ഖാൻ തന്റെ സലഫീ ആശയം സ്വീകരിച്ചത് ശൈഖുൽ ഇസ്‌ലാം ഇബ്നു തയ്മിയ്യയിൽനിന്നാണ്.

ആസാദ് ഇബ്നു തയ്മിയ്യയിൽ ആകൃഷ്ടനായതിന് ചരിത്രത്തിൽ ചില തെളിവുകൾ കാണുന്നുണ്ട്. ആ സലഫീ വിക്ഷണത്തിന്റെ പ്രതിഫലനം തന്റെ 'തർജുമാനുൽ ക്വുർആൻ' എന്ന ക്വുർആൻ തഫ്സീറിൽ അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങൾ വിശദീകരിക്കുന്നേടത്ത് പ്രതിഫലിക്കുന്നുമുണ്ട്.

1947ൽ ഇന്ത്യ അതിന്റെ സ്വാതന്ത്ര്യം അനുഭവിക്കുന്ന കാലത്ത് ആസാദ് ഇബ്നു തയ്മിയ്യയുടെ 'അൽ വസിയത്തുൽ കുബ്റ ഉർദുവിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഉർദു ഇതെല്ലാം വ്യക്തമാക്കുന്നത് യഥാർഥത്തിൽ ആസാദ് ഒരു സൂഫിയല്ലായിരുന്നു എന്നും സലഫീ ആദർശം ഉൾക്കൊണ്ട ഒരു നല്ല വിശ്വാസി തന്നെയായിരുന്നു എന്നുമാണല്ലോ!

ഇബ്നു തയ്മിയ്യയിൽനിന്ന് സലഫീ ആദർശത്തെ പഠിച്ച്, അതുൾക്കൊണ്ട് ജീവിച്ച ആസാദ് ഇന്ത്യയിലെ ബഹുസ്വരതയും ഇന്ത്യയുടെ ആത്മാവും വേണ്ടുവോളം തൊട്ടറിഞ്ഞ്, അനുഭവിച്ച് മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ സൂഫി പൈതൃകമനുസരിച്ചുകൊണ്ട് മാത്രമെ ഇന്ത്യയിൽ മുസ്‌ലിംൾക്ക് നിലനിൽക്കാൻ കഴിയൂ എന്ന വാദം ഇവിടെ തകർന്നുവീഴുകയാണ് ചെയ്യുന്നത്.

ആസാദിനെ സൂഫിസത്തിന്റെ പൂണൂൽ ധരിപ്പിക്കാൻ ശ്രമിക്കുന്നവർ ചരിത്രത്തെ സത്യസന്ധമായി സമീപിക്കണമെന്നാണ് ഉപദേശിക്കാനുള്ളത്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# വ്യാജവൃത്താന്തം

**മുഹമ്മദ് നബിﷺ 47**


നബിﷺ യാത്രയിൽ പത്നിമാരിൽ ഒരാളെ കൂടെ കൂട്ടാറുണ്ടായിരുന്നു. ഈ യാത്രയിൽ നബിﷺയുടെ കൂടെയുണ്ടായിരുന്നത് മഹതി ആഇശؓയായിരുന്നു. ആഇശؓ അതിനെ സംബന്ധിച്ച് പറയുന്നത് കാണുക:

“അല്ലാഹുവിന്റെ റസൂൽﷺ (യാത്ര) പുറപ്പെടാൻ ഉദ്ദേശിച്ചാൽ തന്റെ പത്നിമാർക്കിടയിൽ നറുക്കിടാറുണ്ടായിരുന്നു. അങ്ങനെ അവരിൽ ഒരാളുടെ (പേര് എഴുതിയ) അമ്പ് പുറത്തെടുക്കുകയും അവരെ തന്റെ കൂടെ കൂട്ടി അല്ലാഹുവിന്റെ റസൂൽﷺ പുറപ്പെടുകയും ചെയ്യും.” ആഇശؓ പറഞ്ഞു: “അങ്ങനെ ഈ യുദ്ധത്തിൽ ഞങ്ങൾക്കിടയിൽ അവിടുന്ന് നറുക്കിട്ടു. എന്റെ (പേര് എഴുതിയ) അമ്പ് പുറത്തെടുത്തു. അങ്ങനെ ഞാൻ റസൂലിﷺന്റെ കൂടെ പുറപ്പെട്ടു. (ഇത്) ഹിജാബിന്റെ (ആയത്ത്) ഇറങ്ങിയതിന് ശേഷമായിരുന്നു. അങ്ങനെ ഞാൻ എന്റെ (ഒട്ടകത്തിന്റെ) കൂടാരത്തിൽ വഹിക്കപ്പെട്ടു. അവിടെ ഞാൻ ഇറക്കപ്പെട്ടു. അങ്ങനെ അല്ലാഹുവിന്റെ റസൂൽﷺ

തന്റെ ആ യുദ്ധത്തിൽനിന്ന് പിരിയുന്നതുവരെ ഞങ്ങൾ യാത്ര ചെയ്തു. പിന്നീട് മടങ്ങി. (എല്ലാവരും) മടങ്ങുന്നവരായിരിക്കെ, ഞങ്ങൾ മദീനയുടെ അടുത്ത് എത്താറായി. രാത്രിയാകാറായി. അങ്ങനെ അവർ യാത്രക്ക് അറിയിച്ച സന്ദർഭത്തിൽ ഞാൻ (കൂടാരത്തിൽ നിന്നും) എഴുന്നേറ്റു. ഞാൻ ആ സൈന്യത്തെ വിട്ടുകടക്കുന്നതുവരെ നടന്നു. എന്റെ കാര്യങ്ങൾ ഞാൻ നിർവഹിച്ചു കഴിഞ്ഞപ്പോൾ എന്റെ ഒട്ടകത്തിന്റെ അടുത്ത് വന്നു. അപ്പോൾ എന്റെ മാല പൊട്ടി (നഷ്ടപ്പെട്ടിരിക്കുന്നു). അങ്ങനെ ഞാൻ എന്റെ മാല അന്വേഷിക്കുകയും അത് (ലഭിക്കുമെന്ന) ആഗ്രഹം എന്നെ അവരിൽനിന്നും അകറ്റുകയും ചെയ്തു. അങ്ങനെ എന്റെ കൂടാരം വഹിക്കുന്നവർ വരികയും അവർ അത് ഞാൻ യാത്ര ചെയ്തിരുന്ന ഒട്ടകത്തിന്റെ പുറത്തുവെച്ച് എന്റെ ഒട്ടകത്തെ അവർ തെളിച്ചു കൊണ്ടുപോവുകയും ചെയ്തു. ഞാൻ അതിൽ ഉണ്ടായിരിക്കുമെന്ന് അവർ വിചാരിച്ചു. സ്ത്രീകൾ (പൊതുവെ) കനമില്ലാത്തവരാണല്ലോ. അവരുടെ മാംസം ഭാരം തൂങ്ങുകയില്ല. അവർ അൽപം ആഹാരമാണല്ലോ കഴിക്കാറ്. അതിനാൽ അവർ അത് (കൂടാരം) ഉയർത്തിയ സന്ദർഭത്തിൽ കൂടാരത്തിന്റെ കനമില്ലാത്ത അവസ്ഥ കാരണം അവർ പ്രയാസപ്പെട്ടില്ല. ഞാൻ ചെറുപ്രായക്കാരിയായ ഒരു പെൺകുട്ടിയായിരുന്നു. അങ്ങനെ അവർ ഒട്ടകങ്ങളെ തെളിക്കുകയും യാത്രയാകുകയും ചെയ്തു. സൈന്യം പോയതിന് ശേഷം എനിക്ക് എന്റെ മാല കിട്ടി. എന്നിട്ട് ഞാൻ അവരുടെ താമസ സ്ഥലത്തേക്ക് വന്നു. അപ്പോൾ വിളിക്കാനോ ഉത്തരം നൽകാനോ ആരും അവിടെ ഉണ്ടായിരുന്നില്ല. അങ്ങനെ ഞാൻ ഉണ്ടായിരുന്ന സ്ഥലത്ത് തന്നെ ഞാൻ (ആരെങ്കിലും വരുമെന്നും) നിനച്ച് അവിടെ തന്നെ നിന്നു. തീർച്ചയായും അവർക്ക് എന്നെ നഷ്ടമായതായിരിക്കും, അതിനാൽ അവർ എന്നിലേക്ക് മടങ്ങി വരും എന്ന് ഞാൻ വിചാരിച്ചു. അങ്ങനെ ഞാൻ എന്റെ സ്ഥാനത്ത് ഇരിക്കുന്നതിനിടയിൽ എനിക്ക് ഉറക്കം വന്നു. അങ്ങനെ ഞാൻ ഉറങ്ങി. സൈന്യത്തിന്റെ പിന്നിൽ സ്വഫ്‌വാൻ ഇബ്‌നു അൽമുഅത്ത്വൽ അസ്സുലമി ഉണ്ടായിരുന്നു. അദ്ദേഹം സൈന്യത്തിൽ പുറകിൽ (വല്ലതും മറന്നുവെച്ചിട്ടുണ്ടോ എന്ന് നോക്കാനായി) രാത്രി സഞ്ചരിക്കുന്നുണ്ടായിരുന്നു. അങ്ങനെ പ്രഭാതമായപ്പോൾ എന്റെ അടുക്കൽ എത്തി. അന്നേരം അദ്ദേഹം ഉറങ്ങുന്ന ഒരു ആളുടെ കറുപ്പ് കണ്ടു. അപ്പോൾ അദ്ദേഹം എന്റെ അടുത്ത് വന്നു. എന്നെ കണ്ടപാടെ അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. ഹിജാബിന്റെ നിയമം ഇറങ്ങുന്നതിന് മുമ്പ് അദ്ദേഹം എന്നെ കണ്ടിട്ടുണ്ടായിരുന്നു. എന്നെ അദ്ദേഹം മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തിന്റെ ഇസ്തിർജാഅ്കൊണ്ട് ഞാൻ ഉണർന്നു. അപ്പോൾ ഞാൻ എന്റെ മുടുപടം എന്റെ മുഖത്തിലൂടെ താഴ്ത്തിയിട്ടു. അല്ലാഹുവാണ സത്യം, അദ്ദേഹം എന്നോട് ഒരു വാക്ക് പോലും സംസാരിച്ചില്ല. അദ്ദേഹത്തിന്റെ ഇസ്തിർജാഅ് അല്ലാതെ മറ്റൊരു സംസാരവും ഞാൻ കേട്ടിട്ടു പോലുമില്ല. (അങ്ങനെ) അദ്ദേഹം തന്റെ ഒട്ടകത്തെ മുട്ടുകുത്തിച്ചു. എന്നിട്ട് അതിന്റെ കൈകൾ നിരപ്പാക്കിച്ചു. എന്നിട്ട് ഞാൻ അതിൽ കയറി. അങ്ങനെ ആ സൈന്യത്തിന്റെ അടുത്ത് ഞങ്ങൾ എത്തുന്നതുവരെ എന്നെയും നയിച്ച് വാഹനം പോയി. അങ്ങനെ നശിക്കേണ്ടവരെല്ലാം നശിച്ചു. അബ്ദുല്ലാഹ് ഇബ്‌നു ഉബയ്യ് ഇബ്‌നു സലൂലിന്റെ കള്ളവാർത്ത ഏറ്റടുത്തവരായിരുന്നു (അവർ). അങ്ങനെ ഞങ്ങൾ മദീനയിൽ എത്തി. ഞാൻ എത്തിയത് മുതൽ ഒരു മാസക്കാലം രോഗിയായി. ജനങ്ങൾ വ്യാജവാർത്തയുടെ ആളുകളുടെ സംസാരത്തിൽ മുഴുകിയിരിക്കുകയാണ്. അതിനെ പറ്റി എനിക്ക് യാതൊന്നും അറിയില്ലായിരുന്നു. അവിടുന്ന് എന്റെ വേദനയിൽ സംശയത്തിലുമായി. ഞാൻ രോഗിയാകുന്ന സന്ദർഭത്തിൽ കാണാറുണ്ടായിരുന്ന അനുകമ്പ അല്ലാഹുവിന്റെ റസൂലിﷺൽനിന്നും ഞാൻ അറിയുന്നില്ല. അല്ലാഹുവിന്റെ റസൂൽﷺ എന്റെ അടുക്കൽ പ്രവേശിക്കും, എന്നിട്ട് സലാം പറയും. പിന്നീട് ചോദിക്കും: 'എങ്ങനെയുണ്ട് നിങ്ങൾക്ക്?' പിന്നീട് പിരിഞ്ഞു പോകുകയും ചെയ്യും. അത് എന്നെ സംശയത്തിലാക്കി. ഞാൻ സുഖം പ്രാപിച്ചതിന് ശേഷം പുറത്ത് കടക്കുന്നതുവരെ ഈ കെടുതിയെ സംബന്ധിച്ച് ഞാൻ അറിയില്ലായിരുന്നു. അങ്ങനെ (ഒരുദിവസം) ഞാൻ ഉമ്മു മിസ്ത്വഹിന്റെ കൂടെ മൂത്രപ്പുരയുടെ നേരെ പുറപ്പെട്ടു. ഞങ്ങൾ രാത്രിയിലല്ലാതെ (അവിടേക്ക്) പുറത്തു പോകാറില്ലായിരുന്നു. ഞങ്ങളുടെ വീടിനോട് സമീപത്ത് ഒരു കക്കൂസ് ഉണ്ടാക്കുന്നതിന് മുമ്പായിരുന്നു അത്. ഉമ്മു മിസ്ത്വഹ് അബൂ റുഹ്മ് ഇബ്‌നു അബ്ദു മനാഫിന്റെ പുത്രിയായിരുന്നു. അവരുടെ മാതാവ് അബൂബക്റിؓന്റെ മാതൃസഹോദരി ബിൻതു സ്വഖ്ർ ഇബ്‌നു ആമിറായിയുന്നു. അവരുടെ മകനാണ് മിസ്ത്വഹ് ഇബ്‌നു ഉഥാഥ. അങ്ങനെ ഞാനും ഉമ്മു മിസ്ത്വഹും ഞങ്ങളുടെ കാര്യങ്ങളിൽനിന്ന് വിരമിക്കുകയും എന്റെ വീടിനുനേരെ തിരിയുകയും ചെയ്തു. അപ്പോൾ ഉമ്മു മിസ്ത്വഹ് അവരുടെ വസ്ത്രത്തിൽ തടഞ്ഞുവീണു. അന്നേരം അവർ (സ്വയം

ആക്ഷേപിച്ച്) ഇപ്രകാരം പറഞ്ഞു: 'മിസ്ത്വഹ് നശിക്കട്ടെ.' അപ്പോൾ ഞാൻ അവരോട് ചോദിച്ചു: 'നിങ്ങൾ പറഞ്ഞത് എത്ര മോശമാണ്. ബദ്റിൽ പങ്കെടുത്ത ഒരാളെ നിങ്ങൾ ചീത്ത പറയുകയാണോ?' അവര് ചോദിച്ചു: 'അവൻ പറയുന്നത് നീ കേട്ടിട്ടില്ലല്ലോ?' ഞാൻ ചോദിച്ചു: 'എന്താണ് അദ്ദേഹം പറഞ്ഞത്?' അപ്പോൾ അവർ (എന്നെ സംബന്ധിച്ച്) വ്യാജ വാർത്ത പറഞ്ഞുണ്ടാക്കിയവരെക്കുറിച്ച് അറിയിച്ചു. അപ്പോൾ എന്റെ രോഗം വർധിച്ചു. ഞാൻ എന്റെ വീട്ടിലേക്ക് മടങ്ങിയപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ എന്നോട് സലാം പറയാൻ ഉദ്ദേശിച്ച് എന്റെ അടുക്കൽ പ്രവേശിച്ചു. പിന്നീട് ചോദിച്ചു: 'നിങ്ങൾക്ക് എങ്ങനെയുണ്ട്?' അപ്പോൾ ഞാൻ ചോദിച്ചു: 'എനിക്ക് എന്റെ മാതാപിതാക്കളുടെ അടുത്തേക്ക് പോകാൻ അനുവാദം നൽകുമോ?' ആ സന്ദർഭത്തിൽ ഞാൻ ഉദ്ദേശിച്ചിരുന്നത് അവരിൽനിന്ന് ആ വാർത്തയുടെ ഉറപ്പ് ലഭിക്കുക എന്നതായിരുന്നു. അല്ലാഹുവിന്റെ റസൂൽﷺ എനിക്ക് അനുവാദം നൽകി. അങ്ങനെ ഞാൻ എന്റെ മാതാപിതാക്കളുടെ അടുത്ത് വന്നു. എന്നിട്ട് ഞാൻ എന്റെ ഉമ്മയോട് ചോദിച്ചു: 'ഓ ഉമ്മാ... എന്താണ് ജനങ്ങൾ പറയുന്നത്?' അവർ പറഞ്ഞു: 'മോളേ, നിന്റെ മേലുള്ള (കാര്യം) എന്നെ പ്രയാസപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവാണ സത്യം, ഒരു നല്ല പെണ്ണ് അവളുടെ ഭർത്താവിന്റെ അടുത്ത് അദ്ദേഹത്തിന്റെ സ്നേഹത്തിൽ ആയിരിക്കുമ്പോൾ അവൾക്ക് എതിരിൽ ധാരാളം ആളുകൾ ഇല്ലാതിരിക്കില്ല.' അവർ പറഞ്ഞു: 'അല്ലാഹു എത്ര പരിശുദ്ധൻ, ജനങ്ങൾ ഇങ്ങനെ പറയുന്നുണ്ടല്ലേ?' അങ്ങനെ ആ രാത്രി നേരം പുലരുന്നതു വരെ ഞാൻ കരഞ്ഞു. എനിക്കു കണ്ണുനീർ തോർന്നില്ല. ഉറക്കം എന്റെ കണ്ണുകളെ ബാധിച്ചില്ല. നേരം പുലരുന്നതു വരെ ഞാൻ കരഞ്ഞിരുന്നു. അങ്ങനെ അല്ലാഹുവിന്റെ റസൂൽﷺ അലി, ഉസാമ۞ എന്നിവരെ വഹ്യ് നിലച്ച സന്ദർഭത്തിൽ ക്ഷണിച്ചു വരുത്തി. തന്റെ പത്നിയുടെ അകൽച്ചയിൽ അവരുമായി നബിﷺ കൂടിയാലോചന നടത്തി. ആഇശ۞ പറയുന്നു: അപ്പോൾ ഉസാമ۞ നബിﷺയോട് തന്റെ പത്നിയുടെ നിരപരാധിത്വം അറിയുന്നവനായിക്കൊണ്ട് സംസാരിച്ചു. നബിﷺയുടെ മനസ്സിലുള്ള സ്നേഹത്തെക്കുറിച്ച് അവർ നന്നായി അറിവുള്ളവരായിരുന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ ഭാര്യയെപ്പറ്റി നല്ലതല്ലാതെ ഞങ്ങൾക്ക് അറിയില്ല.' എന്നാൽ അലി۞ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അല്ലാഹു നിങ്ങളെ കുടുസ്സാക്കിയിട്ടില്ലല്ലോ. അവൾക്ക് പുറമെ ധാരാളം സ്ത്രീകൾ ഉണ്ടല്ലോ. താങ്കൾ ആ പെൺകുട്ടിയോട് (ബരീറയോട്) അന്വേഷിക്കുന്നുവെങ്കിൽ അവൾ അങ്ങയോട് സത്യം പറയുന്നതാണ്.' ആഇശ۞ പറയുന്നു: 'അപ്പോൾ നബിﷺ ബരീറയെ വിളിച്ചു. എന്നിട്ട് അവിടുന്ന് ചോദിച്ചു: 'ഓ, ബരീറാ! (ആഇശയിൽ നിന്ന്) നിനക്ക് സംശയം ഉണ്ടാക്കുന്ന വല്ലതും നീ കണ്ടിട്ടുണ്ടോ?' ബരീറ പറഞ്ഞു: 'അങ്ങയെ സത്യവുമായി അയച്ചവൻ തന്നെയാണ സത്യം, ഇല്ല (കണ്ടിട്ടില്ല). അവൾ ചെറുപ്പക്കാരിയായ ഒരു പെൺകുട്ടിയാണല്ലോ. അധികനേരവും അവരുടെ വീട്ടുകാർക്കായി കുഴച്ച മാവിനെ തൊട്ട് ശ്രദ്ധയില്ലാതെ അവർ ഉറങ്ങിപ്പോകാറുണ്ട്. അങ്ങനെ വളർത്തുന്ന ആട് വന്ന് അത് കഴിക്കും എന്നതല്ലാതെ അവരിൽ കുറ്റകരമായി ഞാൻ ഒന്നും കണ്ടിട്ടില്ല.' അങ്ങനെ അല്ലാഹുവിന്റെ റസൂൽﷺ എഴുന്നേറ്റു. എന്നിട്ട് അന്നേദിവസം അബ്ദുല്ലാഹ് ഇബ്നു ഉബയ്യ് ഇബ്നു സലൂലിന് ഒഴികഴിവ് നൽകി. ആഇശ۞ പറയുന്നു: 'അല്ലാഹുവിന്റെ റസൂൽﷺ മിമ്പറിൽ ആയിരിക്കെ പറഞ്ഞു: ഓ മുസ്‌ലിം സമൂഹമേ, എന്റെ വീട്ടുകാരിയുടെ കാര്യത്തിൽ എന്നെ വേദനിപ്പിച്ചവനിൽ ഒരു തീരുമാനമെടുക്കാൻ കഴിവുള്ളവൻ ആരുണ്ട്? അല്ലാഹുവാണ സത്യം, എന്റെ ഭാര്യയുടെ മേൽ നല്ലതല്ലാതെ ഞാൻ ഒന്നും മനസ്സിലാക്കിയിട്ടില്ല. അവർ ഒരു പുരുഷനെക്കുറിച്ചും പറയുന്നുണ്ട്. അദ്ദേഹത്തെപ്പറ്റിയും നല്ലതല്ലാതെ ഞാൻ മനസ്സിലാക്കിയിട്ടില്ല. എന്റെ കൂടെയല്ലാതെ അദ്ദേഹം എന്റെ വീട്ടുകാരിലേക്ക് വരാറുമില്ല.' അപ്പോൾ സഅ്ദു ഇബ്നു മുആദ് അൽഅൻസ്വാരി۞ എഴുന്നേറ്റു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഓ, അല്ലാഹുവിന്റെ ദൂതരേ, അവന്റെ കാര്യം ഞാൻ തീരുമാനിക്കാം. അവൻ ഔസിൽ പെട്ടവനാണെങ്കിൽ അവന്റെ പിരടി ഞാൻ വെട്ടും. ഇനി അവൻ നമ്മുടെ സഹോദരങ്ങളായ ഖസ്റജിൽ പെട്ടവനാണെങ്കിൽ, അങ്ങ് ഞങ്ങളോട് കൽപിച്ചാൽ അങ്ങയുടെ കൽപന (പോലെ) ഞങ്ങൾ പ്രവർത്തിക്കാം.' ആഇശ۞ പറയുന്നു: 'അപ്പോൾ ഖസ്റജ്ന്റെ നേതാവായ സഅ്ദു ഇബ്നു ഉബാദ എഴുന്നേറ്റു. അയാൾ അതിന് മുമ്പ് നല്ല ആളായിരുന്നു. പക്ഷെ, അദ്ദേഹത്തെ അഹങ്കാരം ചുമന്നു. എന്നിട്ട് സഅ്ദി۞നോട് അദ്ദേഹം പറഞ്ഞു: 'താങ്കൾ കളവാണ് പറഞ്ഞത്. അല്ലാഹുവാണ സത്യം, താങ്കൾ അദ്ദേഹത്തെ വധിക്കുകയില്ല. അദ്ദേഹത്തെ വധിക്കാൻ താങ്കൾക്ക് സാധ്യമല്ല.' അപ്പോൾ സഅ്ദ് ഇബ്നു മുആദിന്റെ പിതൃവ്യ പുത്രനായ ഉസയ്ദ് ഇബ്നു ഹുദ്വയ്ർ

എഴുന്നേറ്റു. എന്നിട്ട് അദ്ദേഹം സഅ്ദ് ഇബ്നു ഉബാദയോട് പറഞ്ഞു: 'താങ്കൾ കളവാണ് പറഞ്ഞത്. അല്ലാഹുവാണ സത്യം, ഞങ്ങൾ അദ്ദേഹത്തെ വധിക്കുകതന്നെ ചെയ്യും. തീർച്ചയായും താങ്കൾ കപടവിശ്വസിയാണ്. താങ്കൾ കപടന്മാർക്ക് വേണ്ടി തർക്കിക്കുന്നവനാണ്.' അങ്ങനെ ഔസ്-ഖസ്റജ് എന്നീ രണ്ട് ഗോത്രക്കാർ പരസ്പരം പോരാടാൻ (സാധ്യതയുണ്ട് എന്ന്) അവർ വിചാരിക്കുന്നതു വരെ പരസ്പരം ചാടിവീഴാൻ തുടങ്ങി. അല്ലാഹുവിന്റെ റസൂൽ ﷺ മിമ്പറിൽതന്നെ നിൽക്കുന്നുണ്ടായിരുന്നു. അവർ നിശ്ശബ്ദരാകുന്നതുവരെ അല്ലാഹുവിന്റെ റസൂൽ ﷺ അവരുടെ (ശബ്ദത്തെ) താഴ്ത്തിപ്പിച്ചുകൊണ്ടേയിരുന്നു. അങ്ങനെ അവർ നിശ്ശബ്ദരായി. ആഇശ ؓ പറയുന്നു: 'എന്റെ ആ ദിവസം ഞാൻ കരഞ്ഞുകൊണ്ടിരിക്കുകയാണ്. കണ്ണുനീർ വറ്റുന്നില്ല. ഉറക്കവും ഇല്ല. രണ്ട് രാത്രിയും ഒരു പകലും ഞാൻ കരഞ്ഞു. ഞാൻ ഉറങ്ങിയില്ല. എന്റെ കണ്ണനീർ വറ്റിയതുമില്ല. അങ്ങനെ പ്രഭാതത്തിൽ എന്റെ മാതാപിതാക്കൾ എന്റെ അടുത്തേക്ക് വന്നു. കരച്ചിൽ (നിമിത്തം) എന്റെ കരൾ പൊട്ടുമോ എന്ന് അവർ ഇരുവരും വിചാരിച്ചു.' ആഇശ ؓ പറയുന്നു: 'അങ്ങനെ അവർ ഇരുവരും എന്റെ അടുക്കൽ ഇരിക്കുന്ന നേരത്ത് അൻസ്വാറുകളിൽ പെട്ട ഒരു സ്ത്രീ എന്നോട് അനുവാദം ചോദിച്ചു. അപ്പോൾ ഞാൻ അവർക്ക് അനുവാദം നൽകി. അങ്ങനെ അവർ (എന്റെ അടുത്ത്) ഇരുന്നു. (അവരും) എന്റെ കൂടെ കരയുന്നു. ഞങ്ങൾ അങ്ങനെ ആയിരിക്കുമ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ ഞങ്ങളിലേക്ക് കയറിവന്നു. എന്നിട്ട് സലാം പറഞ്ഞു. പിന്നെ ഇരുന്നു.' ആഇശ ؓ പറയുന്നു: 'മുമ്പ് പറയപ്പെട്ടത് (ആരോപണം) പറയപ്പെടുന്നത് മുതൽ എന്റെ അടുത്ത് അവിടുന്ന് ഇരുന്നിട്ടില്ല.'



എന്റെ കാര്യത്തിൽ അവിടുത്തേക്ക് വഹ്‌യ് വരാതെ ഒരു മാസം കഴിച്ചുകൂട്ടി. ആഇശ ؓ പറയുന്നു: 'അങ്ങനെ അല്ലാഹുവിന്റെ റസൂൽ ﷺ ഇരുന്ന സന്ദർഭത്തിൽ ശഹാദത്ത് ചൊല്ലി. പിന്നീട് പറഞ്ഞു: ആഇശാ! നിന്നെ പറ്റി എനിക്ക് ഇപ്രകാരം എല്ലാം (വാർത്ത) കിട്ടി. നീ അതിൽ കുറ്റവിമുക്തയാണെങ്കിൽ അല്ലാഹു നിന്നെ കുറ്റവിമുക്തമാക്കുന്നതാണ്. ഇനി വല്ല തെറ്റും വന്നിട്ടുണ്ടെങ്കിൽ നീ അല്ലാഹുവിനോട് പാപമോചനം തേടുകയും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക. തീർച്ചയായും ഒരു (നല്ല) അടിമ തന്റെ പാപത്തെ കുറിച്ച് തിരിച്ചറിയുകയും പിന്നീട് അല്ലാഹുവിലേക്ക് പശ്ചാത്തപിക്കുകയും ചെയ്താൽ അല്ലാഹു അവന്റെ തൗബ സ്വീകരിക്കുന്നതാണ്.' ആഇശ ؓ പറയുന്നു: 'അങ്ങനെ അല്ലാഹുവിന്റെ റസൂൽ ﷺ തന്റെ ഈ സംസാരം നിർവഹിച്ചപ്പോൾ എന്റെ കണ്ണുനീർ വറ്റിപ്പോയി. ഒരു ഇറ്റ് കണ്ണുനീരും അതിൽനിന്ന് വരുന്നില്ല. അപ്പോൾ ഞാൻ എന്റെ പിതാവിനോട് പറഞ്ഞു: (ഉപ്പാ) നിങ്ങൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞതിന് മറുപടി നൽകൂ.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ സത്യം, അല്ലാഹുവിന്റെ റസൂലി ﷺ നോട് ഞാൻ എന്താണ് പറയേണ്ടത് എന്ന് എനിക്ക് അറിയില്ല.' അപ്പോൾ ഞാൻ എന്റെ ഉമ്മയോട് പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിന്റെ റസൂലി ﷺ ന് മറുപടി നൽകൂ.' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലി ﷺ നോട് ഞാൻ എന്താണ് പറയേണ്ടത് എന്ന് എനിക്ക് അറിയില്ല.' ആഇശ ؓ പറയുന്നു: 'അങ്ങനെ ഞാൻ പറഞ്ഞു: ക്വുർആനിൽനിന്ന് ധാരാളം ഞാൻ ഓതാറില്ലായിരുന്നു. ഞാൻ ചെറുപ്രായക്കാരിയായ ഒരു പെണ്ണാണല്ലോ. അല്ലാഹുവാണ സത്യം, ഈ സംസാരം നിങ്ങൾ കേട്ടത് ഞാൻ അറിഞ്ഞിട്ടുണ്ട്. (അങ്ങനെ) അത് നിങ്ങളുടെ മനസ്സിൽ ഉറച്ചതാകുകയും നിങ്ങൾ അത് സത്യപ്പെടുത്തുകയും ചെയ്തു. തീർച്ചയായും ഞാൻ നിരപ

രാധിയാണ്, തീർച്ചയായും ഞാൻ നിരപരാധിയാണെന്ന് അല്ലാഹു അറിയുന്നവനാണ്. അതിനെ നിങ്ങൾ സത്യപ്പെടുത്തുകയില്ലല്ലോ. ഞാൻ നിരപരാധിയാണെന്ന് അല്ലാഹുവിന് അറിയാവുന്ന ഒരു കാര്യം ഞാൻ നിങ്ങളോട് സമ്മതിച്ചുതരികയാണെങ്കിൽ നിങ്ങളെന്നെ വിശ്വസിച്ചേക്കും. അല്ലാഹുവാണ സത്യം, യൂസുഫിﷺന്റെ പിതാവിന്റെ വചനമല്ലാതെ നിങ്ങളോട് ഒരു ഉദാഹരണം ഞാൻ കാണുന്നില്ല. അദ്ദേഹം പറഞ്ഞു: ഇനി നല്ലതായ ക്ഷമ തന്നെ. അല്ലാഹുവിനോടാണ് നിങ്ങളീ പറഞ്ഞുണ്ടാക്കുന്ന കാര്യത്തിൽനിന്ന് സഹായം തേടാനുള്ളത്.' ആഇശഃ പറയുന്നു: 'അനന്തരം ഞാൻ അവിടെനിന്നും മാറി. എന്നിട്ട് ഞാൻ എന്റെ വിരിപ്പിൽ കിടന്നു. തീർച്ചയായും ഞാൻ നിരപരാധിയാണ് എന്നും അല്ലാഹു എന്റെ നിരപരാധിത്വം അല്ലാഹു തെളിയിക്കുന്നതാണെന്നും ആ സന്ദർഭത്തിൽ എനിക്ക് അറിയാമായിരുന്നു. പക്ഷേ, അല്ലാഹുവാണ സത്യം! എന്റെ കാര്യത്തിൽ പാരായണം ചെയ്യപ്പെടുന്ന ഒരു വഹ്‌യ് അല്ലാഹു ഇറക്കും എന്നു ഞാൻ വിചാരിച്ചിരുന്നില്ല. പാരായണം ചെയ്യപ്പെടുന്ന ഒരു കാര്യം കൊണ്ട് എന്റെ കാര്യത്തിൽ അല്ലാഹു സംസാരിക്കുന്നതിനെക്കാൾ എത്രയോ ചെറുതാണ് എന്റെ കാര്യം (എന്നാണ് ഞാൻ വിചാരിച്ചിരുന്നത്). എങ്കിലും അല്ലാഹു എന്റെ നിരപരാധിത്വം അറിയിക്കുന്ന വല്ല സ്വപ്നവും ഉറക്കത്തിൽ അല്ലാഹുവിന്റെ റസൂൽﷺ കാണാൻ ഞാൻ പ്രതീക്ഷിക്കുന്നവളായിരുന്നു.' ആഇശഃ പറയുന്നു: 'അല്ലാഹുവാണ സത്യം, അല്ലാഹുവിന്റെ റസൂലോ കുടുംബത്തിലുള്ളവരോ ആരും പുറത്ത് പോയിട്ടില്ല. അപ്പോഴേക്കും അല്ലാഹു നബിﷺക്ക് (വഹ്‌യ്) ഇറക്കുന്നു. അപ്പോൾ അവിടുത്തേക്ക് പിടിപെടാറുള്ളത് പോലെ വിയർപ്പ് പിടിപെടുന്നു. മുത്തുകളെ പോലെ വിയർപ്പിന്റെ തുള്ളികൾ അദ്ദേഹത്തിൽനിന്നും ഉറ്റിവീഴാൻ തുടങ്ങി. അത് ഒരു ശൈത്യനാളായിരുന്നു. നബിﷺയുടെ മേൽ ഇറക്കപ്പെട്ടതിന്റെ ഭാരം (നിമിത്തമായിരുന്നു വിയർപ്പ് പൊടിഞ്ഞിരുന്നത്). ആഇശഃ പറയുന്നു: 'അങ്ങനെ അവിടുന്ന് ചിരിക്കാൻ തുടങ്ങി. എന്നിട്ട് അവിടുന്ന് ഒന്നാമതായി സംസാരിച്ച വാക്ക് (ഇതായിരുന്നു): ഓ, ആഇശാ! അല്ലാഹു നിന്നെ നിരപരാധിയാക്കിയിരിക്കുന്നു.' അപ്പോൾ എന്റെ ഉമ്മ പറഞ്ഞു: '(മോളെ) നബിﷺയുടെ അടുത്തേക്ക് എഴുന്നേറ്റു ചെല്ലൂ.' ആഇശഃ പറയുന്നു: 'അപ്പോൾ ഞാൻ പറഞ്ഞു; ഇല്ല, അല്ലാഹുവാണ സത്യം, ഇല്ല! നബിﷺയിലേക്ക് ഞാൻ എഴുന്നേൽക്കേണ്ടതില്ല. അല്ലാഹുവിനെയല്ലാതെ ഞാൻ സ്തുതിക്കേണ്ടതുമില്ല.' അപ്പോൾ അല്ലാഹു (ഈ വചനം) ഇറക്കി: "തീർച്ചയായും ആ കള്ളവാർത്തയും കൊണ്ട് വന്നവർ നിങ്ങളിൽനിന്നുള്ള ഒരു സംഘം തന്നെയാകുന്നു. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കണക്കാക്കേണ്ട" (എന്നു തുടങ്ങി) പത്ത് ആയത്തുകൾ മുഴുവനും (ഇറക്കി). എന്റെ നിരപരാധിത്വത്തിൽ ഇത് അല്ലാഹു ഇറക്കിയപ്പോൾ ദാരിദ്ര്യം നിമിത്തം തന്റെ കുടുംബമായിരുന്ന മിസ്ത്വഹ് ഇബ്നു ഉഥാഥക്ക് ചെലവ് നൽകിയിരുന്ന അബൂബക്ർഃ പറഞ്ഞു: അല്ലാഹുവാണ സത്യം, ആഇശയെ കുറിച്ച് അതിനുശേഷം പറഞ്ഞതിനാൽ ഒരിക്കലും മിസ്ത്വഹിന് യാതൊന്നും ചെലവഴിക്കുകയില്ല. അപ്പോൾ അല്ലാഹു (ഈ സൂക്തം)ഇറക്കി: "നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ." അബൂബക്ർഃ പറഞ്ഞു: 'അതെ, അല്ലാഹുവാണ സത്യം. എനിക്ക് അല്ലാഹു പൊറുത്തുതരാൻ ഞാൻ ഇഷ്ടപ്പെടുന്നു.' അങ്ങനെ മിസ്ത്വഹിന് കൊടുത്തിരുന്ന ചെലവ് വീണ്ടും അദ്ദേഹം കൊടുക്കുവാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ സത്യം. അദ്ദേഹത്തിൽനിന്ന് അത് ഞാൻ ഊരുകയില്ല (ഒഴിവാക്കുകയില്ല).' ആഇശഃ പറയുന്നു: 'എന്റെ കാര്യത്തെ പറ്റി അല്ലാഹുവിന്റെ റസൂൽﷺ സയ്നബിനോട് ചോദിച്ചിരുന്നു. അവിടുന്നു ചോദിച്ചു: 'സയ്നബാ, എന്താണ് നീ മനസ്സിലാക്കിയത്? നിങ്ങൾ എന്താണ് കണ്ടിട്ടുള്ളത്?' അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ കണ്ണും കാതും ഞാൻകാത്തു സംരക്ഷിച്ചിരിക്കുകയാണ്. നല്ലതല്ലാതെ എനിക്ക് അറിയില്ല.' ആഇശഃ പറയുന്നു: 'അല്ലാഹുവിന്റെ റസൂലിന്റെ പത്നിമാരിൽ എന്നോട് കിടപിടിച്ചിരുന്ന ഭാര്യ. അല്ലാഹു അവരെ അവരുടെ സൂക്ഷ്മത നിമിത്തം സംരക്ഷിക്കുകയുണ്ടായി. അവരുടെ സഹോദരി ഹംന അവരോട് (എനിക്കെതിരിൽ) പോരാടുന്നവളുമായിരുന്നു. കെട്ടുകഥയാൽ നാശം സംഭവിച്ചവരിൽ അവരും അകപ്പെട്ടു.'' (ബുഖാരി)

നദ നസീർ എസ്. കെ, കരുവാരകുണ്ട്
mail@nerpatham.com

ലേഖനം



# സ്ത്രീയും സ്വാതന്ത്ര്യവും

എന്താണ് സ്വാതന്ത്ര്യം? എന്തിനാണ് സ്വാതന്ത്ര്യം? ഈ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം നൽകാൻ കഴിവില്ലാത്തവരാണ് ഇന്ന് ഇസ്‌ലാം സ്ത്രീക്ക് സ്വാതന്ത്ര്യം നൽകുന്നില്ലേ എന്ന് അലമുറയിടുന്നത്!

1947 ഓഗസ്റ്റിൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു. ഏറെ കാലത്തെ കഠിന പരിശ്രമങ്ങൾക്ക് ശേഷം ഓരോ ഇന്ത്യൻ പൗരനും സ്വാതന്ത്ര്യം അനുഭവിച്ചുതുടങ്ങി. വാസ്തവത്തിൽ എന്തൊക്കെയാണ് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം? സ്വാതന്ത്ര്യത്തിന് നിയമവ്യവസ്ഥകൾ ഇല്ലേ?

ഓരോ ഇന്ത്യൻ പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കാം. ഇഷ്ടമുള്ള പാർട്ടിയിൽ ചേരാം. ജോലി തിരഞ്ഞെടുക്കാം. ഇതൊക്കെ വ്യക്തിസ്വാതന്ത്ര്യമായി അംഗീകരിക്കപ്പെട്ടതാണ്.

എന്നാൽ ഈ സ്വതന്ത്രരാജ്യത്തെ ഭരണഘടനയിൽതന്നെ പൗരന്മാർ എന്താക്കെ ചെയ്തുകൂടാ എന്നും പറയുന്നുണ്ട്. അതിനർഥം ഇന്ത്യ പൗരന്മാർക്ക് സ്വാതന്ത്ര്യം നൽകുന്നില്ല എന്നാണോ? ഒരിക്കലുമുല്ല. കാരണം വിലക്കുകൾ ഏർപ്പെടുത്തിയിട്ടുള്ളത് വ്യക്തികൾക്കും സമൂഹത്തിനും രാജ്യത്തിനും ദോഷകരമായിത്തീരുന്ന കാര്യങ്ങൾക്കാണ്. ഇതെല്ലാം അംഗീകരിച്ചു ജീവിക്കുക എന്നത് പൗരന്മാരുടെ കടമയാണ്.

സ്വാതന്ത്ര്യം നേടിത്തന്നവരെയും നമ്മൾ ഉൾക്കൊള്ളുന്ന ഇന്ത്യയെയും ലോകത്തെയും എന്നല്ല പ്രപഞ്ചത്തെ തന്നെയും സൃഷ്ടിച്ച സർവലോകരക്ഷിതാവ് നമുക്ക് സ്വാതന്ത്ര്യം നിഷേധിക്കുമോ? അവൻ നൽകിയ സ്വാതന്ത്ര്യത്തിനുള്ളിലെ നിയമനിർദേശങ്ങൾ പാലിക്കാൻ നാം ബാധ്യസ്ഥരല്ലേ! അത് മനുഷ്യനിർമിതങ്ങളായ നിയമവ്യവസ്ഥിതികളെക്കാൾ മഹത്ത്വമുള്ളതും പ്രായോഗികവുമല്ലേ? ആ രക്ഷിതാവ് ചില വിലക്കുകൾ ഏർപെടുത്തിയിട്ടുണ്ടെങ്കിൽ അത് അടിമത്തമാണെന്നും സ്വാതന്ത്ര്യം ഹനിക്കലാണെന്നും പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്? ഇസ്‌ലാം സ്ത്രീയെ അവഗണിക്കുന്നു, അടിച്ചമർത്തുന്നു, അവളുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നു എന്നൊക്കെ നിലവിളിക്കുന്നവർക്ക് പറയാൻ കഴിയുമോ, ഇസ്‌ലാം മഹിളകൾക്ക് നൽകിയ സ്വാതന്ത്ര്യവും ആദരവും പവിത്രതയും അവകാശങ്ങളും ഏത് മതമാണ് അവൾക്ക് നൽകിയിട്ടുള്ളത് എന്ന്? സാധ്യമല്ല! പിന്നെ എങ്ങനെ ഇസ്‌ലാം സ്ത്രീയുടെ സ്വാതന്ത്ര്യം ഹനിക്കുന്ന മതമാവും?

മുഹമ്മദ് നബിﷺക്കു മുമ്പ് വിവിധ സംസ്‌കാരങ്ങളും രാജ്യങ്ങളും സ്ത്രീകൾക്ക് നൽകിയിരുന്ന സ്ഥാനമെന്തെന്നും അവളോട് പെരുമാറിയിരുന്നത് എങ്ങനെയായിരുന്നുവെന്നും മനസ്സിലാക്കുമ്പോഴാണ് സ്ത്രീകൾക്ക് ഇസ്‌ലാം നൽകിയ അവകാശങ്ങളും ആദരവും മഹത്ത്വവും നമുക്ക് ബോധ്യമാവുക. ഇരുട്ട് എന്താണെന്ന് അറിയുന്നവർക്കേ വെളിച്ചത്തിന്റെ പ്രസക്തിയറിയൂ.

ഗ്രീക്കുകാർ അവളെ വിഷവൃക്ഷമെന്ന് വിളിച്ചു. പിശാചിന്റെ കുതന്ത്രമാണ് സ്ത്രീയെന്നും അവൾ കേവലം ഒരു കച്ചവടച്ചരക്കാണെന്നും ഗണിച്ചുപോന്നു. റോമക്കാർ അവൾക്ക് ആത്മാവില്ലെന്ന് പറയുകയും ഭർത്താവിന് ഭാര്യയെ കൊല്ലാൻ അവകാശം നൽകുകയും ചെയ്തു. ചൈനക്കാർക്ക് അവളൊരു ദൗർഭാഗ്യത്തിന്റെ അടയാളമായിരുന്നു. അവിടെ പുരുഷന്ന് ഭാര്യയെ ജീവനോടെ കുഴിച്ചുമൂടാനുള്ള അവകാശം പോലും ഉണ്ടായിരുന്നു. ഭർത്താവ് മരിച്ചാൽ ഭാര്യ ചിതയിൽ ചാടി മരിക്കുന്ന ദുരാചാരം നമ്മുടെ ഇന്ത്യയിൽ നിലനിന്നിരുന്നു. ക്രിസ്താബ്ദം 556ൽ പോലും സ്ത്രീയെ മനുഷ്യനായി പരിഗണിക്കേണ്ടതുണ്ടോ എന്ന വിഷയത്തിൽ ഫ്രാൻസിൽ ചർച്ചകൾ നടന്നിട്ടുണ്ട്. പ്രവാചക നിയോഗമനത്തിനു മുമ്പ് അറേബ്യയിൽ പെൺകുട്ടികളെ ജീവനോടെ കുഴിച്ചിടുന്ന സ്ഥിതിവിശേഷമുണ്ടായിരുന്നു.

ഇത്തരത്തിൽ ജീവിക്കാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ട മഹിളകൾക്ക് അവകാശങ്ങളും ആദരവും നൽകി, അഭിമാനബോധം പകർന്നു നൽകി, മാനവികതയുടെ ലോകത്തേക്ക് അവളെ കൈപിടിച്ചുയർത്തിയത് ഇസ്‌ലാമാണ്. മാനവ ചരിത്രം വസ്തുനിഷ്ഠമായി, മുൻവിധിയില്ലാതെ പഠിക്കുന്ന ആർക്കും ഇക്കാര്യം സുതരാം ബോധ്യപ്പെടും.



മാതാവിനോടുള്ള തീർത്താൽ തീരാത്ത കടപ്പാട് എടുത്തുപറഞ്ഞതും ഭർത്താവിൽനിന്നും 'സുദൃഢമായ കരാർ' വാങ്ങിയവരാണ് ഭാര്യമാർ, അവരോട് മാന്യമായി പെരുമാറണമെന്നു പറഞ്ഞതും ഇസ്‌ലാമാണ്.

ഇണയെ തെരഞ്ഞെടുക്കുന്നതിൽ ഇസ്‌ലാം പെണ്ണിന് സ്വാതന്ത്ര്യം നൽകി അവളുടെ വ്യക്തിത്വത്തെ അംഗീകരിച്ചു. വിദ്യ അഭ്യസിക്കാൻ പ്രേരിപ്പിച്ചും ആരാധനാസ്വാതന്ത്ര്യം വകവച്ചുകൊടുത്തും ആത്മീയമായ അവകാശങ്ങൾ പുരുഷന്മാർക്കു മാത്രമല്ലെന്ന് ഇസ്‌ലാം വ്യക്തമാക്കി. സ്ത്രീകൾക്ക് അനന്തരാവകാശം നൽകാതിരുന്ന കാലഘട്ടത്തിൽ ഇസ്‌ലാം അത് അനുവദിച്ചുകൊടുത്തു, സാമ്പത്തിക അവകാശം നൽകി. വിവാഹമോചനത്തിനുള്ള അനുവാദം നൽകി... എന്നിട്ടും സ്ത്രീപക്ഷവാദികൾ ഇസ്‌ലാം സ്ത്രീകൾക്കെതിരാണെന്ന് വിലപിച്ചുകൊണ്ടിരിക്കുന്നു! അവളെ ഇസ്‌ലാം പർദയ്ക്കുള്ളിൽ തളച്ചിടുന്നു എന്ന് സങ്കടപ്പെടുന്നു.

ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം നിഷേധിച്ചു എന്ന് പറയുക എപ്പോഴാണ്? എന്താണ് അതിന്റെ മാനദണ്ഡം?

കത്തിക്കൊണ്ടിരിക്കുന്ന മെഴുകുതിരിയുടെ അടുത്തേക്ക് തീയിന്റെ അപകടമറിയാത്ത കുട്ടി ആകാംക്ഷയോടെ ചെല്ലുന്നു. ഇതു കാണുന്നയാൾ അത് കുട്ടിയുടെ സ്വാതന്ത്ര്യമല്ലേ എന്ന് ചിന്തിച്ചു ആരെങ്കിലും മാറിനിൽക്കുമോ. ബുദ്ധിയുള്ളവർ ചെയ്യില്ല. തീയിൽ സ്പർശിച്ചാൽ പൊള്ളലേൽക്കുമെന്ന് കുട്ടിക്ക് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞുകൊടുത്ത് പിന്തിരിപ്പിക്കും. പറയുന്നത് മനസ്സിലാക്കാൻ കഴിയാത്ത പിഞ്ചുകുഞ്ഞാണെങ്കിൽ പിടിച്ചുമാറ്റുകയോ മെഴുകുതിരി കുഞ്ഞിന് എത്താത്ത സ്ഥലത്ത് വെക്കുകയോ ചയ്യും. ഇതാണ് ഇസ്‌ലാമിന്റെ തിന്മകളോടുള്ള നിലപാട്. അതിന്റെ അപകടം ഇസ്‌ലാം വ്യക്തമാക്കിക്കൊടുക്കുന്നു. അതിലേക്ക് അടുക്കരുത് എന്ന് പറയുന്നു. എന്നാൽ അതിനെ സ്വാതന്ത്ര്യനിഷേധമായി ഇക്കൂട്ടർ കണക്കാക്കുന്നു.

സത്രീയെ ഇസ്‌ലാം പർദക്കുള്ളിൽ ഒതുക്കി സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരാക്കി മാറ്റി എന്ന് മുറവിളികൂട്ടുന്നവർ വിവേകപൂർവം ചിന്തിക്കുക. പർദയിൽ അവൾ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടവളല്ല, മറിച്ച് അതിനുള്ളിൽ അവൾ സുരക്ഷിതയാണ്. അതിനുള്ളിൽ അവൾ സ്വാതന്ത്ര്യമാണ് അനുഭവിക്കുന്നത്. തന്റെ ശരീരം വിൽപനച്ചരക്കല്ലെന്നും ആളുകളുടെ കണ്ണുകൾക്ക് കൊത്തിവലിക്കാനുള്ള മാംസമല്ലെന്നും തിരിച്ചറിയുന്നവളാണ് മുസ്‌ലിം സ്ത്രീ. അവളുടെ വസ്ത്രധാരണ രീതി ആദരവിന്റെതാണ്. പെണ്ണുടലിൽ കച്ചവടസാധ്യതകൾ കാണുന്നവർക്ക് മുസ്‌ലിം പെണ്ണിന്റെ വസ്ത്രത്തോട് അലർജിയുണ്ടാവുക സ്വാഭാവികം.

**സത്രീയെ ഇസ്‌ലാം പർദക്കുള്ളിൽ ഒതുക്കി സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരാക്കി മാറ്റി എന്ന് മുറവിളികൂട്ടുന്നവർ വിവേകപൂർവം ചിന്തിക്കുക. പർദയിൽ അവൾ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടവളല്ല, മറിച്ച് അതിനുള്ളിൽ അവൾ സുരക്ഷിതയാണ്. അതിനുള്ളിൽ അവൾ സ്വാതന്ത്ര്യമാണ് അനുഭവിക്കുന്നത്. തന്റെ ശരീരം വിൽപനച്ചരക്കല്ലെന്നും ആളുകളുടെ കണ്ണുകൾക്ക് കൊത്തിവലിക്കാനുള്ള മാംസമല്ലെന്നും തിരിച്ചറിയുന്നവളാണ് മുസ്‌ലിം സ്ത്രീ. അവളുടെ വസ്ത്രധാരണ രീതി ആദരവിന്റെതാണ്. പെണ്ണുടലിൽ കച്ചവടസാധ്യതകൾ കാണുന്നവർക്ക് മുസ്‌ലിം പെണ്ണിന്റെ വസ്ത്രത്തോട് അലർജിയുണ്ടാവുക സ്വാഭാവികം.**

നാമമാത്ര വസ്ത്രം ധരിച്ച് ചാഞ്ഞും ചരിഞ്ഞുമുള്ള ഫോട്ടോകളും വീഡിയോകളും സാമൂഹ്യമാധ്യമങ്ങളിൽ വിളമ്പി കാമാർത്തരുടെ വിശപ്പകറ്റുന്ന, അതുവഴി ലൈക്കുകളും കമന്റുകളും ഷെയറുകളും സമ്പാദിച്ച് പുരോഗമനക്കാരികളായി വിലസുന്ന സഹോദരിമാർ അറിയുക, ഇത് പുരോഗമനമല്ല, അധോഗതിയാണ്. പുരാതനകാലത്തുള്ളവരായിരുന്നു ഇതുപോലെ നാമമാത്ര വസ്ത്രം ധരിച്ചിരുന്നവർ. ചതിയുടെ പടുകുഴിയിൽ വീണ് നിങ്ങൾ വിലപിക്കുമ്പോൾ സ്വതന്ത്ര ചിന്തകരമായ സൈബർ ആങ്ങളമാർ നിങ്ങളുടെ കൂടെയുണ്ടാകില്ല.

അതിരുകളില്ലാതെ തോന്നിയതെന്തും ചെയ്യാനുള്ള അവകാശമല്ല യഥാർഥ സ്വാതന്ത്ര്യം എന്ന് തിരിച്ചറിയുക. അങ്ങനെയൊരു സ്വാതന്ത്ര്യം ലോകത്തുള്ള മുഴുവനാളുകൾക്കും ലഭിച്ചാൽ എന്തായിരിക്കും ലോകത്തിന്റെ അവസ്ഥ?!



# സത്യം

സുലൈമാൻ പെരുമുക്ക്
mail@nerpatham.com

ജനനത്തിനു
മുമ്പുള്ള
സത്യത്തിലൂടെയാണ്
ജനനം സത്യമായത്.

ജനനത്തിലൂടെയാണ്
പിന്നെ ജീവിതം
സത്യമായത്.

ജീവിതത്തിൽനിന്ന്
മരണമെന്ന സത്യത്തിലേക്കുള്ള
യാത്ര നീളുന്നു.

ഈ യാത്ര
മരണത്തിലെത്തുമ്പോൾ
പുതിയ സത്യം വിളിച്ചുണർത്തും!

ജീവിതംകൊണ്ട്
എഴുതിയ കവിതകൾ
തോന്നലുകളാണെങ്കിൽ
തോന്നലിന് എന്താണർഥം?

# മന്ത്രവും തന്ത്രവും

കുഞ്ഞാപ്പു പാലൂർ
mail@nerpatham.com

അമ്പത് മില്ലീലിറ്റർ വെള്ളം
മന്ത്രിച്ചൂതി ലഭിയ്ക്കുന്നു;
മന്ത്രിച്ചൂതിയതെന്താണെന്നൊരു
മന്ത്രക്കാരനുമറിയില്ല.
മന്ത്രന്മാരുടെ പോക്കറ്റങ്ങനെ
ചോരുന്നുണ്ടവരറിയാതെ!
അറിവുള്ളോരും ഇല്ലാത്തോരും
പരിഹാരത്തിനടുക്കുന്നു.
മന്ത്രംകൊണ്ടും തന്ത്രംകൊണ്ടും
ശമനം തേടിപ്പായുന്നു!
ആൾദൈവങ്ങൾ, സിദ്ധന്മാരിവർ
ആളെക്കൊല്ലും ദുഷ്ടന്മാർ.




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം


Scan with any UPI App
BHIM UPI
Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 NOVEMBER 20

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


# പുറത്തിറങ്ങി...




WISDOM BOOKS
PUBLISHING II DISTRIBUTION
Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |